ഇ.പി.തുറ ഇടവകകളിൽ ഫോറം യോഗങ്ങൾ നടന്നു. മാർത്താണ്ഡംതുറയിൽ ആവശ്യമുള്ളവർക്ക് തയ്യൽ പരിശീലനം നൽകാൻ തീരുമാനിച്ചു; ഇവിടെ 100 വിധവകളുടെ ലിസ്റ്റ് ശേഖരിച്ചു. ചിന്നത്തുറയിലും മാർത്താണ്ഡംതുറയിലും പെൻഷനുള്ള കാര്യങ്ങൾ ചെയ്തു വരുന്നു.

**മദ്യവിരുദ്ധ ദിനം**: മാർത്താണ്ഡംതുറയിൽ തിരുനാളിനോടനുബന്ധിച്ച് ഒരു ദിവസം മദ്യവിരുദ്ധ ദിനമായി ആചരിക്കാൻ തീരുമാനിച്ചു.

**ഓഖി:** ഓഖിയിൽ അപകടപ്പെട്ട് പണിക്ക് പോകാൻ കഴിയാത്ത 4 പേർക്ക് 40,000/- രൂപ രൂപതയിൽ നിന്ന് ധനസഹായം ലഭിച്ചതായി ഉറപ്പുവരുത്തി. ഓഖി ദുരന്തത്തിൽപ്പെട്ടവരും വെള്ളപ്പൊക്കദുരിതത്തിൽപ്പെട്ടവരെ സഹായിക്കുന്നതായി അറിയാൻ കഴിഞ്ഞു.

**ഫാ. ഡാർവിൻ പീറ്റർ**
കോഓർഡിനേറ്റർ

**കനിജ പീറ്റർ**
ആനിമേറ്റർ

**'സമന്വയ' ബുള്ളറ്റിനിലെ**
**പ്രസിദ്ധീകരണത്തിന്**

ഒക്ടോബർ മാസത്തെ പ്രസിദ്ധീകരണത്തിനുള്ള വാർത്തകളും റിപ്പോർട്ടുകളും **സെപ്തംബർ 24 നകം** ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട ഏവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു..

സാഹചര്യത്തിൽ, വീടില്ലാത്തവരുടെ അപേക്ഷകൾ കളക്ടറുടെ ഓഫീസിൽ എത്തിക്കാൻ തീരുമാനിച്ചു.

സ്റ്റാഫ് മീറ്റിംഗ് ആഗസ്റ്റ് 18-ന് നടന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ തീരുമാനിച്ചു.

ഇടവകതലയോഗങ്ങൾ

ആഗസ്റ്റ് മാസത്തിൽ ചിന്നത്തുറ-8, മാർത്താണ്ഡംതുറ-9, വള്ളവിള, തൂത്തൂർ-20, ഇ.പി.തുറ-21, പൂത്തുറ-22, ഇരൈമൻതുറ-28 എന്നീ തീയതികളിൽ നടന്നു.

എല്ലാ യോഗങ്ങളിലും ദുരിതാശ്വാസപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ തീരുമാനിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**

**ഫെറോന എക്സിക്യൂട്ടീവ് യോഗം:** ആഗസ്റ്റ് 28-ന് നീരോടിയിൽ വച്ച് നടന്നു. ഇടവകതലത്തിലുള്ള മൂന്ന് ഫെഡറേഷൻ യോഗങ്ങളും നടന്നു.

**എസ്.എ.എഫ്.പി:** റീജിയൺ തലയോഗം ആഗസ്റ്റ് 14-ന് വള്ളവിളയിൽ വച്ച് നടന്നു. സ്വയം പര്യാപ്തത കൈവരിക്കേണ്ട തിന്റെ ആവശ്യകതയെക്കുറിച്ച് സ്ത്രീ ശിശുവിഭാഗ കോഓർഡിനേറ്റർ സി.ഷിജി ക്ലാസ്സ് നൽകി. ഇതിൽ എസ്എഫ്പി കോഓർഡിനേറ്റർ സി.പ്രശാന്തിയുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

**മത്സ്യക്കച്ചവട സ്ത്രീഫോറം:** ഫെറോന എക്സിക്യൂട്ടീവ് യോഗം ആഗസ്റ്റ് 5-ന് തൂത്തൂർ ഓഫീസിൽ വച്ച് നടന്നു. സ്ത്രീ ശിശുവിഭാഗം കോഓർഡിനേറ്റർ സി.ഷിജി 'ചിരി' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നൽകി. യൂണിറ്റ് യോഗം 8 ഉം നടന്നു.

**റ്റി.എം.എഫ്**: ശക്തമായ കാറ്റടിച്ച ഫെറോനയിലുള്ള തീരദേശങ്ങൾ





റീജിയണൽ ആനിമേറ്ററും ഹെൽത്ത് ആനിമേറ്ററും ചേർന്ന് സന്ദർശിച്ചു. മുന്നറിയിപ്പുകൾ നൽകി.

**ആരോഗ്യകാര്യ കമ്മീഷൻ**

**ജനറൽ മെഡിക്കൽ ക്യാമ്പ്**: ആഗസ്റ്റ് 3-ാം തിയതി നീരോടി സെന്റ് നിക്കൊളാസ് സ്കൂളിൽ വച്ച് ഗവ.ജനറൽ ഹോസ്പിറ്റൽ ബ്ലോക്ക്തല ആശുപത്രിയും ചേർന്ന് നടത്തി. ക്യാമ്പിൽ ബി.പി., ഷുഗർ, സ്കാൻ, ഇസിജി, ക്യാൻസർ ഡിറ്റക്ഷൻ തുടങ്ങി എല്ലാവിധ ചികിത്സകളും സൗജന്യമായി നടത്തുകയും സൗജന്യ മരുന്നുവിതരണം നടത്തുകയും ചെയ്തു. 357 അംഗങ്ങൾ പങ്കെടുത്തു.

**ക്യാൻസർ നിർണ്ണയ ക്യാമ്പ്:** ജൂലൈ 30-ന് ഇരൈമൻതുറയിൽ വച്ച് തൂത്തൂർ പി.എച്ച്.സിയുമായി ചേർന്ന് സ്ത്രീകൾക്കായി ക്യാൻസർ നിർണ്ണയ ക്യാമ്പ് നടന്നു. 150 അംഗങ്ങളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

**ആരോഗ്യ ഇൻഷുറൻസ്**: ആഗസ്റ്റ് 10-ന് റീജിയണൽ ആനിമേറ്റർ വഴി ഇ.പി.തുറയിലുള്ള ഒരു വ്യക്തിക്ക് ആരോഗ്യ ഇൻഷുറൻസ് കാർഡ് ലഭ്യമാക്കി. തുടർന്ന് ആ വ്യക്തിക്ക് സർജറി ചെയ്യുന്നതിനുള്ള ഏർപ്പാടും ചെയ്തു. ആഗസ്റ്റ് 18-ന് സർജറി വിജയകരമായി നടന്നത് ഉറപ്പുവരുത്തി.

**സ്ത്രീയും കുട്ടികളും**

വർക്കേഴ്സ് യോഗം ആഗസ്റ്റ് 4-ാം തിയതി നടന്നു.

**നേഴ്സറി:** നേഴ്സറി മെയിന്റനൻസ് ആവശ്യമുള്ളവരുടെ ലിസ്റ്റ് എടുക്കാനും, കളിപ്പാട്ടങ്ങൾ, ചൈൽഡ് പാർലമെന്റിന് നേഴ്സറിക്കുള്ള ആവശ്യക്കാർക്ക് നൽകാൻ തീരുമാനിച്ചു.

**വിധവാ ഫോറം:** ആഗസ്റ്റ് 9, 22 തീയതികളിൽ മാർത്താണ്ഡംതുറ,

വിലയിരുത്തി. തുടർന്ന് 'ചിരി' എന്നതിനെക്കുറിച്ച് വിശദീകരിച്ചു. അംഗങ്ങൾ മത്സ്യവിപണന ഉകരണങ്ങൾ ലഭ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ഫെറോനയിലെ 8 ഇടവകകളിലും യോഗങ്ങൾ നടന്നു.

റ്റിഎംഎഫ് (മത്സ്യത്തൊഴിലാളി യോഗം) ഫെറോന യോഗം ആഗസ്റ്റ് 12-ന് നടന്നു. ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി. കമ്പവലത്തൊഴിലാളി പ്രശ്നം ചർച്ച ചെയ്തു. ഇടവകവികാരിയുമായി ചർച്ച ചെയ്യുവാൻ തീരുമാനിച്ചു. മെഡിക്കൽ ഇൻഷുറൻസ് എടുക്കുന്ന കാര്യം അംഗങ്ങളെ അറിയിച്ചു. കൊച്ചുതോപ്പ് ഇടവകയിലുളള പുതിയവെളിച്ചം എന്ന എസ്എച്ച്ജിയ്ക്ക് 5 ലക്ഷം രൂപ ജീവൻ ജ്യോതിവഴി ലോൺ നൽകി.

ഓഖി തുടർപ്രവർത്തനങ്ങളുടെ ഭാഗമായി ഭവന സന്ദർശനം, സ്വയംതൊഴിൽ ചെയ്യുന്നവരുടെ കൂടിവരവ് ഇവ നടത്തി.

ആരോഗ്യകാര്യ കമ്മീഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ആഗസ്റ്റ് 6-ന് എസ്എൽഎഫ് ഇൻസ്പെക്ഷൻ നടത്തി.

ആഗസ്റ്റ് 12-ന് ചെറുവെട്ടുകാട് ഇടവകയിൽ വച്ച് രൂപത ഹെൽത്ത് കോഓർഡിനേറ്റർ, സി.അഡോൾഫ കൗമാരക്കാരായ 20 കുട്ടികൾക്ക് ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ക്ലാസ് നൽകി. ആഗസ്റ്റ് 14-ന് എസ്എൽഎഫ് കുട്ടികളുടെ അമ്മമാർക്കായി സി. അഡോൾഫ കുട്ടികളെ എങ്ങനെ വളർത്തണം, അംഗവൈകല്യമുളള വർക്കുളള ആനുകൂല്യങ്ങൾ ഇവയെക്കുറിച്ച് ക്ലാസ് നൽകി.

സ്ത്രീകളും കുട്ടികളും

വിധവാഫോറം യൂണിറ്റ്യോഗം, തോപ്പ്, കണ്ണാന്തുറ, ഇടവകകളിൽ നടന്നു. കണ്ണാന്തുറ ഇടവകയിൽ മെമ്പർഷിപ്പ് ഫോം വിതരണം ചെയ്തു.

ചൈൽഡ് പാർലമെന്റ് യോഗം, ചെറിയതുറ,





ചെറുവെട്ടുകാട്, കൊച്ചുവേളി, ഇടവകകളിൽ നടന്നു. അന്തരീക്ഷ മലിനീകരണത്തെക്കുറിച്ച് സി.ഷിജി ക്ലാസ് നൽകി. കൊച്ചുവേളി ഇടവകയിലുളള കുട്ടികൾ അവരവരുടെ രീതിയിൽ ഇടവക തലത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ തയ്യാറാക്കി യോഗത്തിൽ അവതരിപ്പിച്ചു.

പ്രവാസികൾ: സെന്റ് സേവ്യഴ്സ് ഇടവകയിലുളള 3 പേർ നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തു. കൊച്ചുതോപ്പ് ഇടവകയിൽ ബോധവൽക്കരണ ക്ലാസ്സ് നടത്തുവാനും തീരുമാനമെടുത്തു.

മറ്റുപ്രവർത്തനങ്ങൾ: പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് ഫെറോനയിൽ നിന്നും സാധന സാമഗ്രികൾ ശേഖരിച്ചു രൂപതയിൽ എത്തിച്ചു.

**ഫാ. പോൾ.ജി** — **ഷീജ റ്റി.കെ**
കോഓർഡിനേറ്റർ — ആനിമേറ്റർ

## തൂത്തൂർ ഫെറോന

### ഫെറോന എക്സിക്യൂട്ടീവ് യോഗം

ആഗസ്റ്റ് 22-ന് തൂത്തൂർ ഫെറോന ഓഫീസിൽ ഡാർവിൻ അച്ചന്റെ നേതൃത്വത്തിൽ നടന്നു. വെളളപ്പൊക്ക ദുരിതത്തിൽപ്പെട്ടവരെ സഹായിക്കാൻ ഇടവകവികാരിമാർ വഴി അറിയിപ്പു നൽകി. പ്രവർത്തനങ്ങൾക്ക് എക്സിക്യൂട്ടീവ്സ് നേതൃത്വം നൽകുമെന്ന് ഉറപ്പുവരുത്തി. മുഞ്ചിറൈ ബ്ലോക്ക് ബി.എം.ഒ ഡോ. രാജേഷ്കുമാർ ക്യാൻസർ രോഗികൾക്ക് 10,000/- രൂപ സംഭാവന നൽകി. സ്പോൺസർമാരെ കണ്ടെത്തി കൂടുതൽ ധനസഹായം അർഹരായ രോഗികൾക്ക് നൽകാൻ ശ്രമം നടക്കുന്നു. പണി പൂർത്തിയാകാത്ത 5 നിർധന കുടുംബങ്ങളുടെ വീടുകൾക്കുളള ധനസഹായം കണ്ടെത്താനും തീരുമാനിച്ചു. ഗ്രാമസഭ നടക്കാത്ത

കുടുംബങ്ങൾക്ക് വിത്ത്, ഗ്രോബാഗ് എന്നിവ വിതരണം നടത്തുകയും ചെയ്തു.

**പ്രവാസികാര്യ കമ്മീഷൻ**

പാളയം ഇടവകയിൽ ജൂലൈ മാസം നോർക്കാറൂട്ട്സ് വഴി ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ് നൽകി.

**ഫാ. ക്ലീറ്റസ് വിൻസെന്റ്** — കോഓർഡിനേറ്റർ
**രമ്യാ ജോസ്** — ആനിമേറ്റർ

**വലിയതുറ ഫെറോന**

**നീതി സമാധാന വികസന കമ്മീഷൻ**: ഫെറോന സ്റ്റാഫ് മീറ്റിംഗും ഫെറോന എക്സിക്യൂട്ടീവ് യോഗവും ആദ്യശനിയാഴ്ച ഫെറോന കോർഡിനേറ്റർ പോൾ.ജി അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. ജൂലൈ മാസപ്രവർത്തനങ്ങളുടെ വിലയിരുത്തലും ആഗസ്റ്റ്മാസ പ്രവർത്തന പ്ലാനിംഗും നടത്തി.

**ഇടവകതലയോഗങ്ങൾ**

ചെറിയതുറ, സെന്റ് സേവ്യേഴ്സ്, തോപ്പ്, കണ്ണാന്തുറ, ചെറുവെട്ടുകാട്, കൊച്ചുവേളി, വേളി എന്നീ ഇടവകകളിൽ നടന്നു. പ്ലാൻ-ബഡ്ജറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി. പ്രകൃതിദുരന്തത്തോടനുബന്ധിച്ച് സാധനങ്ങൾ ശേഖരിക്കുവാൻ എല്ലാ ഇടവകയിലേയും പ്രവർത്തകർ സഹകരിച്ചു.

ടോയ്‌ലറ്റിനായി രൂപതയിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് രൂപതയിൽ നൽകി.

സേവ് എ ഫാമിലി പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച 9 അപേക്ഷകൾ നൽകിയ ഭവനങ്ങൾ രൂപത കോർഡിനേറ്റർ സി.പ്രശാന്തിയുടെ നേതൃത്വത്തിൽ സന്ദർശിച്ച് ഫോട്ടോ ശേഖരിച്ച് വലിയവേളി, വെട്ടുകാട്, കൊച്ചുവേളി, ചെറുവെട്ടുകാട് എന്നീ ഇടവകകളാണ് സന്ദർശിച്ചത്.

സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോനയോഗം തോപ്പ് ഇടവകയിൽ വച്ച് ആഗസ്റ്റ് 21 ന് നടന്നു. ഇടവകതലപ്രവർത്തനങ്ങൾ വിലയിരുത്തി. ഫെറോനതല ഓണാഘോഷം നടത്തുന്നില്ല; പകരം ആ പണം ഉപയോഗിച്ച് സാധനങ്ങൾ വാങ്ങി ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാനായി രൂപതയിൽ നൽകാൻ തീരുമാനിച്ചു. അതുപ്രകാരം സാധനങ്ങൾ വാങ്ങി നൽകി. ഓണം പ്രമാണിച്ച് വെട്ടുകാട് ഇടവകയിൽ വച്ച് വിപണനമേള നടത്തി. രൂപത സാമൂഹ്യശുശ്രൂഷാ അസിസ്റ്റന്റ് ഡയറക്ടർ ഡോണി അച്ചൻ ഉദ്ഘാടനം ചെയ്തു. ഫെറോന കോർഡിനേറ്റർ ഫാ.പോൾ.ജി അദ്ധ്യക്ഷത വഹിച്ചു. രൂപത എസ്എച്ച്ജി കോർഡിനേറ്റർ ഫെറോന സ്റ്റാഫംഗങ്ങൾ എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ആഗസ്റ്റ് 17,18,19 തിയതികളിലായി വിപണനമേള നടത്തി. ഇതിന് ഇടവകവികാരി ഫാ.ജോസഫ് ബാസ്റ്റിൻ റ്റിഎസ്എസ്എസ് കൺവീനർ ഡോ.ദീപക് എന്നിവർ വേണ്ട സജ്ജീകരണങ്ങൾ ചെയ്തു. 7-ൽ 5 ഇടവകകളിൽ എസ്എച്ച്ജി യോഗങ്ങൾ നടന്നു. വെട്ടുകാട്-1, കണ്ണാന്തുറ-3, സെന്റ് സേവ്യേഴ്സ്-1 എന്നീ ക്രമത്തിൽ 5 ഗ്രൂപ്പുകൾക്ക് മുട്ടത്തറ സർവ്വീസ് സഹകരണ ബാങ്കിന്റെ എയർപോർട്ട് ബ്രാഞ്ചിൽ നിന്നുമായി പത്തു ലക്ഷം രൂപ ലോൺ ലഭ്യമായി.

**തൊഴിൽ കാര്യകമ്മീഷൻ**

മത്സ്യവിപണന സ്ത്രീഫോറത്തിന്റെ ഫെറോനയോഗം ആഗസ്റ്റ് 12-ന് നടന്നു. രൂപത സ്ത്രീശിശുവിഭാഗം കോർഡിനേറ്റർ സി.ഷിജിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ 16-ൽ 14 അംഗങ്ങൾ പങ്കെടുത്തു. ഇടവകതലപ്രവർത്തനങ്ങൾ വിലയിരുത്തി. അടുത്ത ലോൺ കൊച്ചുവേളി ഇടവകയ്ക്കാണെന്നും

റിപ്പോർട്ടുകൾ അവതരിപ്പിച്ച് വിലയിരുത്തൽ നടത്തി. ഉണർവ്വ് പഠന പത്രികാവബോധം നൽകിവരുന്നു. ഫെറോനതലത്തിൽ സെപ്തംബർ മുതൽ 35 ദിവസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലന ക്ലാസ് നൽകുവാൻ തീരുമാനിച്ചു.

3-ൽ 2 ഇടവകകളിലും ഫെഡറേഷൻ യോഗങ്ങൾ നടന്നു. 2,40,000 രൂപ നിക്ഷേപ ലോൺ നൽകി. ജൂലൈ 22-ന് കിള്ളിപ്പാലം ഇടവകയിൽ എസ്എച്ച്ജി അംഗങ്ങൾക്ക് കുട നിർമ്മാണ പരിശീലനം നൽതകി. 15 വനിതകൾ പങ്കെടുത്തു.

**കാരുണ്യപൂർവ്വം പദ്ധതി:** ഈ പദ്ധതി വഴി 25 കുടുംബങ്ങൾക്ക് പ്രതിമാസം 900 രൂപ വീതം ബാങ്കിൽ നിക്ഷേപിച്ചു വരുന്നു. ജൂലൈ 28-ന് നടന്ന റീജണൽ ലെവൽ മീറ്റിംഗിൽ ഫെറോനയിലെ 7 കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**തൊഴിൽകാര്യ കമ്മീഷൻ:** കെ.എൽ.എം ഫെറോന യോഗങ്ങൾ രണ്ടാം ശനിയാഴ്ചകളിൽ നടന്നുവരുന്നു.

മികച്ച കർഷകനെയും കർഷകയെയും ആദരിക്കുന്നതിനായി സെപ്തംബർ മാസം ഫീൽഡ് സന്ദർശനം നടത്തുവാൻ തീരുമാനിച്ചു.

ഓഗസ്റ്റ് മാസം നടന്ന യോഗത്തിൽ കെഎൽഎം രൂപതാ എക്സി, സെക്രട്ടറി ജോൺ ഡാൾ അച്ചന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു.

ജൂലൈ 22-ന് നെട്ടയം ഇടവകയിൽ കാർഷിക സെമിനാർ നടത്തി. ഇടവകവികാരി ഉദ്ഘാടന കർമ്മം നിർവഹിച്ചു. ജൈവവള കൃഷിയെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ് നൽകി. ക്രിസ്തുരാജപുരം ഇടവകയിൽ 60 കുടുംബങ്ങൾക്ക് വിത്ത്, വളം, ഗ്രോബാഗ് എന്നിവയുടെ വിതരണം നടത്തി. കെഎൽഎം അംഗങ്ങൾക്ക് 75000 രൂപ നിക്ഷേപ ലോൺ നൽകി.





**ആരോഗ്യകാര്യ കമ്മീഷൻ:**

തൈക്കാട് ഇടവകയിൽ പ്രതിമാസം ആദ്യ ശനിയാഴ്ചകളിൽ വയോമിത്രം ക്യാമ്പ് നടത്തിവരുന്നു

ഭിന്നശേഷിക്കാരായ 2 കുട്ടികളുടെ അപേക്ഷ ലഭിച്ചതിൽ പ്രകാരം ഭവനം സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ച് ആനുകൂല്യത്തിനായി രൂപതയിൽ നൽകി.

**സ്ത്രീകളുടെയും കുട്ടികളുടെയും കമ്മീഷൻ**

വെള്ളയമ്പലം ഇടവകയിൽ 10 വിധവകൾക്ക് പ്രതിമാസം 500 രൂപാ വീതം സഹായം നൽകി വരുന്നു.

കുടപ്പനക്കുന്ന് ഇടവകയിൽ വിധവാഫോറം യോഗം കൂടി വരുന്നു. മെഴുകുതിരി നിർമ്മാണ പരിശീലനം നേടിയതിന്റെ വെളിച്ചത്തിൽ 'ജ്വാല' എന്ന പേരിൽ ഒരു സ്വയം തൊഴിൽ സംരംഭം രൂപീകരിച്ചു.

ഇതിനായി രൂപതാ റ്റിഎസ്എസ്എസ്സിന്റെ സഹായത്തോടെ മെഴുകുതിരി ഉണ്ടാക്കുന്നതിനുള്ള അച്ചും അനുബന്ധ സാധനങ്ങളും വാങ്ങി നല്കി.

ചൈൽഡ് പാർലമെന്റ് യോഗങ്ങൾ പ്രതിമാസം നടന്നുവരുന്നു.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ**

ജൂലൈ മാസം മുടവൻമുകൾ ഇടവകയിൽ എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ ഇടവക അംഗങ്ങൾക്ക് ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ് നൽകി. 105 അംഗങ്ങൾ പങ്കെടുത്തു.

പാളയം ഇടവകയിൽ മദ്യവിരുദ്ധ സമിതിയോഗം കൂടി.

**പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ**

പാളയം ഇടവകയിൽ അടുക്കളത്തോട്ട നിർമ്മാണം, ജൈവവള കൃഷി എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസ് നൽകി. 43

ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്നു

**സ്കൂൾതല പ്രവർത്തനങ്ങൾ:** ആഗസ്റ്റ് 9-ന് "ഹിരോഷിമാദിന"ത്തോടനുബന്ധിച്ച് ഫെറോനയിലെ എല്ലാ സ്കൂളുകളിലും; ക്വിസ് കോമ്പറ്റിഷൻ, പോസ്റ്റർ പ്രദർശനം, പ്രസംഗമത്സരം തുടങ്ങിയവ സംഘടിപ്പിച്ചു.

**ഫാ. ഫ്രെഡി സോളമൻ** — കോ-ഓർഡിനേറ്റർ

**മേരിത്രേസ് മൊറായിസ്** — ആനിമേറ്റർ

## തൂത്തൂർ ഫെറോന

**ഫെറോനതലം**

ആഗസ്റ്റ് 22-ന് തൂത്തൂർ ഫെറോന വിദ്യാഭ്യാസ കോർഡിനേറ്റർ ആൻസിൽ അച്ചന്റെ നേതൃത്വത്തിൽ ഫെറോനതല യോഗം കൂടി. യോഗം കഴിഞ്ഞമാസ പ്രവർത്തനങ്ങളെ വിലയിരുത്തി. സെപ്തംബർ, ഒക്ടോബർ മാസ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ഓഖി ദുരന്തബാധിതരുടെ ഫീസ് കാര്യങ്ങൾ ചർച്ച ചെയ്തു. വരാത്ത കുട്ടികളുടെ ലിസ്റ്റ് പോയി ശേഖരിക്കാൻ ഫെറോനാ വികാരി ആവശ്യപ്പെട്ടു.

ജോയിന്റ് ആനിമേറ്റേഴ്സ് യോഗം ആൻഡ്രൂകോസ്മോസ് അച്ചന്റെ നേതൃത്വത്തിൽ നടത്തി. എല്ലാ മാസവും രണ്ടാമത്തെ ബുധനാഴ്ച മീറ്റിംഗും റിപ്പോർട്ടവതരണം നടക്കുന്നു.

എല്ലാ ഇടവകയിലും ആനിമേറ്റർമാർ പോയി ലിസ്റ്റ് ശേഖരിക്കുകയും അവർക്കുവേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. നീരോടി, മാർത്താണ്ഡംതുറ, ഇരയിമ്മൻതുറ, പൂത്തുറ എന്നീ ഇടവകകളിൽ സമിതിയോഗങ്ങൾ നടത്തി.

**ഫാ. ആൻസിൽ ആന്റണി** — കോ-ഓർഡിനേറ്റർ

**മല്ലിക ഡെസൽബിൻ** — ആനിമേറ്റർ





# സാമൂഹ്യശുശ്രൂഷ

## പാളയം ഫെറോന

**കാര്യശേഷി വികസന വിഭാഗം**

ഫെറോന എക്സി.യോഗം ജൂലൈ 8, ആഗസ്റ്റ് 5 തീയതികളിൽ ഫെറോന കോഓർഡിനേറ്റർ ക്ലീറ്റസ് വിൻസെന്റ് അച്ചന്റെ നേതൃത്വത്തിൽ നടന്നു. ഫെറോന ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി. വിവിധ ഉപസമിതികളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. പ്രാവർത്തികമാക്കി. ഫെറോന വികാരിയുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

**ഇടവകാതലയോഗങ്ങൾ**: ജൂലൈ മാസത്തിൽ 18-ൽ 17 ഇടവകകളിലും യോഗങ്ങൾ നടന്നു. നടക്കാതിരുന്നത് നന്തൻകോട്. പദ്ധതി-ബഡ്ജറ്റ് അനുസരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി.

ഫെറോനതല പ്രവർത്തക യോഗം: ജൂലൈ 23-ന് ഫെറോന വികാരിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി. വിവിധ ശുശ്രൂഷകളുടെ കോർഡിനേറ്റർ അച്ചന്മാരും ആനിമേറ്റർമാരും പങ്കെടുത്ത യോഗത്തിൽ ഓരോ ശുശ്രൂഷാ സമിതികളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ പറയുകയും വിലയിരുത്തൽ നടത്തുകയും ചെയ്തു.

അടിസ്ഥാന സൗകര്യ വികസനം: ടോയ്‌ലറ്റ് നിർമ്മാണത്തിന് 16 അപേക്ഷകൾ ലഭിച്ചു. അപേക്ഷിച്ച എല്ലാ ഭവനങ്ങളും സന്ദർശിച്ച് പരിശോധന പൂർത്തിയാക്കി. 10 പേരെ തിരഞ്ഞെടുത്തു. 4 പേർക്ക് ആദ്യ ഗഡു നൽകി.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും:** 22 സംഘങ്ങൾ 16 ഇടവകകളിലായി പ്രവർത്തിച്ചു വരുന്നു. രണ്ടാം ശനിയാഴ്ച നടത്തിയ ഫെറോന യോഗത്തിൽ, ഇടവകാതല

**കണ്ണാന്തുറ:** ഇടവകയിൽ ടീച്ചേഴ്സ് ഫോറം രൂപീകരിച്ചു

**വലിയവേളി**യിൽ എല്ലാ ശനിയാഴ്ച ദിവസങ്ങളിലും പിഎസ്സി സൗജന്യ പരിശീലനം 10 മുതൽ 1 മണി വരെ ക്ലാസു നടക്കുന്നു. 42 കുട്ടികൾ പങ്കെടുക്കുന്നു.

**ഫാ. ജോസ് ദിലീപ്** — **മേരി**

കോ-ഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

### ഫെറോനതല പരിപാടികൾ

ഫെറോന വിദ്യാഭ്യാസ ശുശ്രൂഷാസമിതിയോഗം ആഗസ്റ്റ് 19-ന് കോർഡിനേറ്റർ ഫാ. ഫ്രഡി സോളമന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോന ഇടവകാതല പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ച് അവലോകനം നടത്തി. മുൻയോഗ തീരുമാന പ്രകാരമുള്ള ഡിഫൻസ് പരിശീലനം, പിഎസ്സി പരിശീലനം എന്നിവ ആരംഭിച്ചു പ്രസ്തുത പ്രവർത്തനങ്ങൾ വിലയിരുത്തി.

ആഗസ്റ്റ് 11-ന് ഡിഫൻസ് പരിശീലനത്തിന് തുടക്കം കുറിച്ചു. ഇടവകകളിൽ നിന്ന് 18 പേർ പങ്കെടുക്കുന്നു. ദിവസവും രാവിലെ 6.30-ന് കായികക്ഷമതാ പരിശീലനം പുല്ലുവിള ലിയോ തേർട്ടീന്ത് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ വച്ചു നടക്കുന്നു. പരിശീലനം നൽകുന്നതിന് എക്സ് മിലിട്ടറി ഉദ്യോഗസ്ഥൻ ശ്രീ. അലക്സാണ്ടറിനെ ചുമതലപ്പെടുത്തി. എല്ലാ ഞായറാഴ്ചയും 2 മണി മുതൽ 4 മണി വരെ എഴുത്തു പരീക്ഷയ്ക്കായുള്ള പരിശീലനവും നൽകുന്നു.

**പിഎസ്സി പരിശീലനം:** ആഗസ്റ്റ് 19-ന് ഫെറോനയിലെ 18 വയസ്സിന് മുകളിലുള്ള ഉദ്യോഗാർത്ഥികൾക്കായി പിഎസ്സി പരിശീലനത്തിന് തുടക്കം കുറിച്ചു. ശനി, ഞായർ ദിവസങ്ങളിലും മറ്റ് അവധി





ദിവസങ്ങളിലുമാണ് ക്ലാസ്. “സ്പാർക്ക്” സെന്റർ പരിശീലനത്തിന് നേതൃത്വം വഹിക്കുന്നു. 19 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്നു.

കെ-റ്റെറ്റ് പരിശീലനത്തിന് ഈ മാസം 9 ക്ലാസ്സുകൾ നൽകി. 24 റ്റിറ്റിസി, ബി.എഡ് ഉദ്യോഗാർത്ഥികൾ പരിശീലനത്തിന് പങ്കെടുക്കുന്നു. ശ്രീ.ദിദീഷ് നേതൃത്വം വഹിക്കുന്നു.

**സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്:** ഈ മാസം 4 ക്ലാസ്സുകൾ സംഘടിപ്പിച്ചു. 29 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. പൂവാർ ഏയ്ഞ്ചൽസ് സ്കൂളിൽ വച്ച് സംഘടിപ്പിച്ചുവരുന്ന പരിശീലനത്തിന് “നളന്ദ” സിവിൽ സർവ്വീസ് അക്കാദമിയാണ് പരിശീലനം നൽകി വരുന്നത്.

### ഇടവകാതലം

നമ്പ്യാതി, പൂവാർ എന്നീ രണ്ട് ഇടവകകളിൽ മാത്രമാണ് ഇടവക വിദ്യാഭ്യാസ സമിതി യോഗം സംഘടിപ്പിച്ചത്. ഈ ഇടവകകളിൽ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് കഴിഞ്ഞു.

**പൂവാർ** ഇടവകയിൽ എസ്എസ്എൽസി, +2 വിഭാഗത്തിലെ 9 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങൾക്കും എ+ കിട്ടിയതിനാൽ 2000 രൂപ നിരക്കിൽ ക്യാഷ് അവാർഡ് നൽകി. ഇതിനോടൊപ്പം കേരള യൂണിവേഴ്സ്റ്റിയിൽ ഡിഗ്രി തലത്തിൽ റാങ്ക് കരസ്ഥമാക്കിയ അനീറ്റ എന്ന വിദ്യാർത്ഥിക്ക് 5000 രൂപ ക്യാഷ് അവാർഡും തിരുനാളിനോടനുബന്ധിച്ച് നൽകി.

പി.എസ്.സി. പരിശീലനം പൂവാർ ഇടവകയിൽ വിദ്യാഭ്യാസ ശുശ്രൂഷയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. 25 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.

**നമ്പ്യാതി ഇടവകയിൽ**: പിഎസ്സി പരിശീലനം നന്നായി നടന്നുവരുന്നു. ഈ മസാം 18 ക്ലാസ്സുകൾ സംഘടിപ്പിച്ചു. 25

കൾ ഫെറോനയിലെ മറ്റു ഇടവകകളിൽ നിന്ന് 15 വിദ്യാർത്ഥികൾ ഓഖി ബാധിച്ച പൂന്തുറയിലെ 4 വിദ്യാർത്ഥികൾ എന്നിങ്ങനെ 32 വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു. ഇടവകയിലെ പഠിക്കാൻ മിടുക്കരും എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ 11 വിദ്യാർത്ഥിക ൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സ്കൂൾതലം:** പാളയം സെന്റ് ജോസഫ്സ് എൽ.പി.സ്കൂൾ, പൂഴിക്കുന്ന് സെന്റ് ആന്റണീസ് എന്നിവിടങ്ങളിൽ ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യത്തോടനുബന്ധിച്ച് അസംബ്ലി നടത്തി. പ്രഥമ അദ്ധ്യാപിക സ്വാഗതം പറഞ്ഞു. സ്വാതന്ത്ര്യദിന സന്ദേശം ലോക്കൽ മാനേജർ വിദ്യാർത്ഥികളുമായി പങ്കുവച്ചു. സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ ധീരനേതാക്കന്മാരുടെ വിവിധ വേഷങ്ങൾ ധരിച്ചു വിദ്യാർത്ഥികൾ പങ്കെടുത്തു. വിദ്യാർത്ഥികളുടെ പ്രസംഗം, ദേശഭക്തിഗാനം, സ്വാതന്ത്ര്യദിന പതിപ്പ് എന്നിവ പ്രദർശിപ്പിച്ചു. തുടർന്ന് ക്വിസ് മത്സരം നടത്തി. ദേശീയ പതാക ലോക്കൽ മാനേജർ ഉയർത്തി. വിദ്യാർത്ഥികളും അദ്ധ്യാപകരും ദേശഭക്തി ഗാനം ആലപിച്ചു. മധുരം വിതരണം ചെയ്തു.

**ഫാ. ജോസ് ജി.** — **ജൂലി ഡയനേഷ്യസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

**ഫെറോനതല യോഗം:** ആഗസ്റ്റ് 24-ന് കോഓർഡിനേറ്റർ ജോസ് ദിലീപച്ചന്റെ നേതൃത്വത്തിൽ കൂടി. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ എടുത്തു. സെപ്തംബർ, ഒക്ടോബർ മാസം ചെയ്യാനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്തു; നടപ്പിലാക്കുന്നതിനുള്ള കാര്യങ്ങൾ തീരുമാനിച്ചു.

തുടർ പരിശീലന പരിപാടിയായ കെ.റ്റെറ്റ് എല്ലാ ശനി, ഞായർ ദിവസങ്ങളിൽ 4.30 മുതൽ 7 മണി വരെയുള്ള സമയങ്ങളിൽ തോപ്പ് കമ്മ്യൂണിറ്റി ഹാളിൽ വച്ചു നടന്നു വരുന്നു. 27 അംഗങ്ങൾ പങ്കെടുക്കുന്നു.

ത്രിഭാഷ പരീക്ഷ നടത്തിയതിൽ (ഡിസംബർ) എ ഗ്രേഡ് നേടി വിജയിച്ച 5 ഇടവകകളിലെ 5 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായി. ആഗസ്റ്റ് മാസം അവസാനം സമ്മാനങ്ങൾ നല്കും.

അതിരൂപത ശുശ്രൂഷാ കോർഡിനേറ്ററായ മൈക്കിളച്ചന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 8-ന് ജോയിന്റ് ആനിമേറ്റേഴ്സ് മീറ്റിംഗ് നടത്തി. ഓരോ ആനിമേറ്ററും ചെയ്യുന്ന പ്രവർത്തനങ്ങൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി.

ഫെറോനാതല ജോയിന്റ് മീറ്റിംഗ് തോപ്പ് കമ്മ്യൂണിറ്റി ഹാളിൽ (ഫെറോനാസെന്റർ) വച്ച് ആഗസ്റ്റ് 18-ന് ഫെറോനാവികാരി സൈറസച്ചന്റെ നേതൃത്വത്തിൽ നടത്തി. റിപ്പോർട്ടവതരണം എല്ലാവരും നടത്തി. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള സുദ്രിപരമായ കാര്യങ്ങൾ നിർദ്ദേശിച്ചു.

**ഇടവകതലം:** വലിയവേളി, കൊച്ചുവേളി, വെട്ടുകാട്, സെന്റ് സേവ്യഴ്സ്, തോപ്പ്, ചെറിയതുറ എന്നീ ഇടവകകളിൽ എസ്എസ്എൽസി, +2, ഹയർ സ്റ്റഡീസ് ക്ലാസുകളിലെ കുട്ടികൾക്ക് ക്യാഷ് അവാർഡ്, മൊമന്റോ എന്നിവ നൽകി.

**വെട്ടുകാട്**: 39 കുട്ടികൾക്ക് ആഗസ്റ്റ് 5-ന് 1000, 750 എന്നീ ക്രമത്തിൽ ക്യാഷ് അവാർഡ്, മൊമന്റോ എന്നിവ നൽകി

**സെന്റ് സേവ്യഴ്സ്:** 40 കുട്ടികൾക്ക് മൊമന്റോ നൽകി

**ചെറുവെട്ടുകാട്:** 5000, 3000 എന്ന ക്രമത്തിൽ 7 പേർക്ക് നൽകി. ചെറുവെട്ടുകാട് വായനാദിനം 23-ാം തിയതി ആഘോഷിച്ചു. ബൈബിൾ വായന നടത്തി. കുട്ടികൾക്കായ് ലൈബ്രറി ഇടവകയിൽ സ്ഥാപിച്ചു.

കഴക്കൂട്ടം സെന്റ് ജോസഫിൽ വച്ച് കൂടി. വിദ്യാഭ്യാസ പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്തു. അടുത്ത മാസം 27-ാം തീയതി 9,10 ക്ലാസ് വിദ്യാർത്ഥികൾക്കു കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ വെല്ലുവിളികൾ എന്ന വിഷയത്തിൽ ക്ലാസ്സ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

**ഇടവകതലം:**

**കാര്യവട്ടം** ഇടവകയിൽ എസ്എസ്എൽസി പരീക്ഷയ്ക്കു മുഴുവൻ എ+ നേടിയ കുട്ടികൾക്ക് മെറിറ്റ് അവാർഡ് നൽകി അനുമോദിച്ചു.

**തുണ്ടത്തിൽ** ഇടവകയിൽ +2 കഴിഞ്ഞ എല്ലാ കുട്ടികൾക്കും എല്ലാ ഞായറാഴ്ചയും 4 മണി മുതൽ 6 മണി വരെ പിഎസ്സി കോച്ചിങ് ക്ലാസ് നടത്തുന്നു.

**സെന്റ് ജോസഫ് കഴക്കൂട്ടം** ഇടവകയിലെ എല്ലാ കുട്ടികൾക്കുമായി തൊഴിലധിഷ്ഠിതമായ ഒരു പഠന കളരി സംഘടിപ്പിച്ചു.

**മുരുക്കുംപുഴ**: ഇടവകയിൽ 5 മുതൽ ഡിഗ്രി വരെയുള്ള കുട്ടികൾക്ക് ക്വിസ് മത്സരം നടത്തി.

**ഫാ. ഡി. തോമസ്** — **ജൂലിയറ്റ് പോൾ**
കോഓർഡിനേറ്റർ — ആനിമേറ്റർ

**പേട്ട ഫെറോന**

**ഫെറോനാതലം:** ആഗസ്റ്റ് 4-ന് പേട്ട ഇടവകയിൽ വച്ച് ഫെറോനാ വികാരിയുടെ അദ്ധ്യക്ഷതയിൽ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നവരുടെ യോഗം കൂടി. രൂപതാ ടീം ശുശ്രൂഷാ പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഇടവകാതലം**

**പോങ്ങുംമൂട്**

'വിജയത്തിന്റെ രഹസ്യം' എന്ന വിഷയത്തെക്കുറിച്ച് 5 മുതൽ +2 വരെയുള്ള കുട്ടികൾക്കായി ശ്രീ.മാർട്ടിൻ പയ്യമ്പള്ളി ക്ലാസ് എടുത്തു. 60 കുട്ടികളും 30 മാതാപിതാക്കളും പങ്കെടുത്തു.





26 കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കി. 4 അക്രൈസ്തവരായ കുട്ടികൾക്കും നൽകി.

**പേട്ട**: +2 കഴിഞ്ഞ 5 കുട്ടികൾക്ക് 6000 രൂപയും 4 കുട്ടികൾക്ക് 4000 രൂപയും ധനസഹായം നൽകി. ജൂലൈ 19-ാം തീയതി പേട്ട സെന്റ് ആൻസ് എൽ.പി.എസ്സിൽ കവയിത്രി ബാലാമണിയമ്മയുടെ ജന്മദിനം ആഘോഷിച്ചു.

**മുട്ടട**: മുട്ടട ഹോളിക്രോസ് എൽ.പി.എസ്സിൽ ജൂലൈ 21-ാം തീയതി ചാന്ദ്രദിനം ആഘോഷിച്ചു. ചാന്ദ്രദിനത്തെകുറിച്ച് സിഡി പ്രദർശനം നടത്തി.

**ഫാ. ആന്റോ ഡിക്സൻ** — **സുശീല ഷാജി**
കോഓർഡിനേറ്റർ — ആനിമേറ്റർ

**പാളയം ഫെറോന**

**ഫെറോന സമിതി:** ആഗസ്റ്റ് 5-ന് പാളയം ഇടവകയിൽ വച്ച് ഫെറോന വികാരിയുടെയും വൈദിക കോർഡിനേറ്ററിന്റെയും നേതൃത്വത്തിൽ കൂടി. മുൻയോഗ റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിച്ചു അംഗീകരിച്ചു പാസാക്കി. ഇടവക റിപ്പോർട്ടുകൾ കൺവീനർമാർ അവതരിപ്പിച്ചു. അജണ്ട പ്രകാരമുള്ള കെ-ടെറ്റ്, ഡിഫൻസ് പരിശീലനം എന്നീ പരിപാടികൾ ആനിമേറ്റർ വളരെ വിശദമാക്കി. ആഗസ്റ്റ് 18-ന് ഫ്ളോറൻസ് എന്ന സ്ഥാപനവുമായി യോജിച്ച് കെ-ടെറ്റ് പരിശീലനം തുടങ്ങാൻ തീരുമാനിച്ചു. ഡിഫൻസ് പരിശീലന പരിപാടിയെ കുറിച്ചും മറ്റും സ്ഥാപനങ്ങളുടെ സാധ്യതയെ കുറിച്ച് അന്വേഷിക്കുവാൻ ഫെറോന കോർഡിനേറ്റർ ജോസച്ചൻ നിർദ്ദേശിച്ചു.

**ഇടവകതലം**

**വെള്ളയമ്പലം:** ആഗസ്റ്റ് 12 ഞായറാഴ്ച സമിതിയോഗം കൂടി. 'സ്പോൺസർ എ ചൈൽഡ്' ന്റെ തുടർപ്രവർത്തനത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചതു പ്രകാരം, ഇടവകയിലെ 13 വിദ്യാർത്ഥി

# വിദ്യാഭ്യാസശുശ്രൂഷ

## അഞ്ചുതെങ്ങ് ഫെറോന

ഫെറോന എക്സിക്യൂട്ടീവ് യോഗം ആഗസ്റ്റ് 12-ന് അഞ്ചുതെങ്ങ് ഫെറോന സെന്ററിൽ വച്ച് പ്രദീപ് അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ ഫെറോനതല റിപ്പോർട്ടും ഇടവകതല റിപ്പോർട്ടും വായിച്ചുവിലയിരുത്തി. ഫെറോന ക്രൈസ്റ്റ് പാരലൽ കോളേജിൽ ഈ വർഷം ബി.കോം ക്ലാസ്സ് തുടങ്ങുവാൻ തീരുമാനിച്ചു.

ആഗസ്റ്റ് 11-ന് പ്ലാൻ അനുസരിച്ച് ജനറൽ ക്വിസ് മത്സരം ഫെറോന സെന്ററിൽ നടത്തി. ഫെറോന വിദ്യാഭ്യാസ കോർഡിനേറ്റർ ഉദ്ഘാടനം ചെയ്തു. ക്വിസ് മത്സരം ദീപക് അച്ചൻ നയിച്ചു. 7 ഇടവകകൾ പങ്കെടുത്തു. ഒന്നാംസ്ഥാനം മാമ്പള്ളി -ട്രോഫിയും 2000 രൂപയും രണ്ടാം സ്ഥാനം അഞ്ചുതെങ്ങ് -ട്രോഫിയും 1500 രൂപയും മൂന്നാം സ്ഥാനം വെന്നികോട് -1000 രൂപയും കരസ്ഥമാക്കി. സമ്മാനദാനം ഫെറോനവികാരി ജോസഫ് ബാസ്കരൻ അച്ചൻ നിർവഹിച്ചു.

**ഇടവകതല പ്രവർത്തനങ്ങൾ**: എല്ലാ ഇടവകയിലും ആഗസ്റ്റ് മാസം ജി.കെ ക്വിസ് പരീക്ഷ നടത്തി സമ്മാനം നൽകി. സമ്മാനർഹരായ കുട്ടികളെ ഫെറോനതല ക്വിസ് മത്സരത്തിലും പങ്കെടുപ്പിച്ചു.

**സ്കൂൾതല പ്രവർത്തനം:** ഫെറോനയിലെ എല്ലാ സ്കൂളുകളിലും ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യദിനം ആഘോഷിച്ചു. ദേശീയ പതാക ഉയർത്തി. സ്വാതന്ത്ര്യസമര സേനാനികളെ അനുസ്മരിച്ചു. ക്വിസ് മത്സരങ്ങൾ നടത്തി. സമ്മാനം നൽകി. മധുരം നല്കി

**ഫാ. പ്രദീപ്** — **ഗ്ലാഡിസ് ജെയിംസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ





## പുതുക്കുറിച്ചി ഫെറോന

**ഫെറോന സമിതി:** ആഗസ്റ്റ് 5-ന് സെന്റ് ആൻഡ്രൂസ് ഇടവകയിൽ വച്ച് വൈദിക കോർഡിനേറ്റർ ഫാ.ഷാജിൻ ജോസിന്റെ നേതൃത്വത്തിൽ കൂടി. അജണ്ട പ്രകാരം ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ ആനിമേറ്ററിനെ തെരഞ്ഞെടുക്കുന്നതിനായി എല്ലാ ഇടവകയിലേയും അറിയിപ്പ് തയ്യാറാക്കി ആഗസ്റ്റ് 12-ന് ഇടവകകളിൽ വായിക്കാനും ആഗസ്റ്റ് 25-നകം വൈദിക കോർഡിനേറ്ററിനെ ഏൽപ്പിക്കാനും തീരുമാനിച്ചു.

കെ.റ്റെറ്റ് പരിശീലനത്തെ കുറിച്ചുളള വിവരണങ്ങൾ കോർഡിനേറ്റർ അവതരിപ്പിച്ചു. എല്ലാവരുടെയും അഭിപ്രായത്തോടും നിർദ്ദേശത്തോടും കൂടി ഫ്ളോറൻസ് എന്ന സ്ഥാപനവുമായി യോജിച്ച് ആഗസ്റ്റ് 18-ന് പരിശീലനം തുടങ്ങാമെന്ന് തീരുമാനിച്ചു.

2017-18 വർഷത്തിൽ എസ്എസ്എൽസി, +2 ക്ലാസ്സുകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിക്കുവാനായി ഇടവകതലത്തിൽ പേരുവിവരം ശേഖരിക്കുവാനും തീരുമാനിച്ചു.

**കെ-റ്റെറ്റ്, സി-റ്റെറ്റ്**: ആഗസ്റ്റ് 18-ന് ഫെറോനയിലെ വിവിധ ഇടവകകളിൽ റ്റിറ്റിസി, ബി.എഡ്, ഡിഎസ് സ്പെഷ്യൽ ടീച്ചേഴ്സ് എന്നീ യോഗ്യതകൾ കരസ്ഥമാക്കിയ 5 ഉദ്യോഗാർത്ഥികളെ ഫ്ളോറൻസ് എന്ന സ്ഥാപനവുമായി യോജിച്ച് കെ-റ്റെറ്റ്, സി.റ്റെറ്റ് പരിശീലനം ആരംഭിച്ചു.

**ഫാ. ഷാജിൻ ജോസ്**
കോഓർഡിനേറ്റർ

## കഴക്കൂട്ടം ഫെറോന

**ഫെറോനാതലം:**

കഴക്കൂട്ടം ഫെറോന സമിതിയോഗം കോർഡിനേറ്റർ ഡി.തോമസച്ചന്റെ അദ്ധ്യക്ഷതയിൽ ഫെറോന സെന്ററായ

നിന്നും 25 പേർ അടങ്ങുന്ന കർമ്മസേന രൂപീകരിച്ച് പ്രകൃതിക്ഷോഭം നേരിട്ട സ്ഥലങ്ങളുടെ ശുചികരണ പ്രവർത്തനങ്ങൾ ചെയ്യാൻ തീരുമാനിച്ചു.

**ഫാ. സ്റ്റാലിൻ** — **ഗ്ലാഡിസ് ജെയിംസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

ജനറൽബോഡി യോഗം റിച്ചാർഡ് സക്കറിയ അച്ചന്റെ നേതൃത്വത്തിൽ ഓരോ ഇടവകയിലും വച്ച് നടത്തുന്നു. കെസിവൈഎം അംഗത്വം നൽകൽ നടന്നുവരുന്നു. കെസിവൈഎം സർവ്വേ അവസാനഘട്ടത്തിലാണ്. കെസിവൈഎം ന്റെ നേതൃത്വത്തിൽ ജൂലൈ 15-ന് +2 ഉന്നത വിജയം വരിച്ച കുട്ടികൾക്ക് മെറിറ്റ് അവാർഡ് നൽകി. യൂത്ത്ഡേ യുടെ നേതൃത്വം കെസിവൈഎം യുവജനങ്ങൾക്കായിരുന്നു. ആഗസ്റ്റ് 19-ന് കെസിവൈഎം ന്റെ നേതൃത്വത്തിൽ നടത്താനിരുന്ന ധ്യാനം പ്രളയ ദുരിത പശ്ചാത്തലത്തിൽ മാറ്റിവച്ചു. കെസിവൈഎം ജനറൽ ബോഡിയിലും ഇടവക കെസിവൈഎം പ്രവർത്തനത്തിലും ആനിമേറ്റർ പങ്കെടുക്കുന്നു.

**ഫാ. റിച്ചാർഡ് സക്കറിയ** — **ജൂലിയറ്റ് പോൾ**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

മൂന്നാമത്തെ ബുധനാഴ്ച കെസിവൈഎം ജനറൽ ബോഡി യോഗം കൂടി. അതിൽ വച്ച് സർവ്വേയുടെ കാര്യങ്ങളെ കുറിച്ചുള്ള ചർച്ച നടത്തി. ആഗസ്റ്റ് 15-ന് യുവജനശുശ്രൂഷയുടെ നേതൃത്വത്തിൽ എല്ലാ ഇടവകയിലും ദിവ്യബലിക്കുശേഷം പതാക ഉയർത്തി.

**ഫാ. ജറോം ജോസ്** — **മേരി**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

പുല്ലുവിള ഫെറോന യുവജന ശുശ്രൂഷ എക്സിക്യൂട്ടീവ് യോഗം ആഗസ്റ്റ് 6-ന് നടന്നു. ഇടവകാതലത്തിൽ കെസിവൈഎം ന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി അതാത് യൂണിറ്റുകൾ ശക്തിയായി പ്രവർത്തിക്കണമെന്ന നിർദേശം കോർഡിനേറ്റർ നൽകി. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ദിവ്യബലിക്ക് അതാത് ഇടവകകളിൽ കെസിവൈഎം നേതൃത്വം നല്കണമെന്ന് നിർദേശിച്ചു. അതനുസരിച്ച് ആഗസ്റ്റ് 15-ാം തിയതിയിലെ പൂജയുടെ ക്രമീകരണം യുവജന ശുശ്രൂഷാ സമിതിയുടെ നേതൃത്വത്തിൽ നടത്തി. ഇടവകതലത്തിലെ യൂത്ത് സർവ്വേ നടന്നുവരുന്നു.





മഴക്കെടുതിയുമായി ബന്ധപ്പെട്ട് ഇടവകകളിലെ കെസിവൈഎം പ്രവർത്തകർ അവശ്യസാധനങ്ങൾ ശേഖരിച്ച് ദുരന്തത്തിൽ അകപ്പെട്ടവർക്ക് എത്തിച്ചു.

പുല്ലുവിള ഇടവകയിൽ കെസിവൈഎം ന്റെ നേതൃത്വത്തിൽ ആരംഭിച്ച ബുക്ക് സ്റ്റാളിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു.

**ഫാ. ഷിജിൻ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## തൂത്തൂർ ഫെറോന

15-08-2018 ആഗസ്റ്റ് 15-ന് ഫെറോനാസമിതിയോഗം കോർഡിനേറ്റർ രജീഷ് അച്ചന്റെ നേതൃത്വത്തിൽ കൂടി. ഇനി നടത്താനുള്ള കാര്യങ്ങൾ ചർച്ച ചെയ്തു. ആഗസ്റ്റ് 3-ന് ജറീക്കോ പ്രെയർ ഇരയിമ്മൻതുറ മുതൽ പരുത്തിയൂർ വരെ നടന്നുള്ള കൂട്ടായ്മ സംഘടിപ്പിച്ചു. ഇതിൽ 60 പേർ പങ്കെടുത്തു. ആഗസ്റ്റ് 4-ന് നീരോടി ചാപ്പലിൽ നടക്കുന്ന ആരാധന നടത്തി. 10-12 മണി വരെ 25 കുട്ടികൾ പങ്കെടുത്തു. ആഗസ്റ്റ് 11-ന് ഇരയിമ്മൻതുറയിൽ ആരാധന നടന്നു. 30 പേർ പങ്കെടുത്തു. തുടർന്ന് കുമ്പസാരവും നടന്നു. ആഗസ്റ്റ് 14-ന് 10 ഇടവകകളിലെയും സൗത്ത് സബ് സ്റ്റേഷൻ യൂണിറ്റ് 'യൂ' ചാനൽ ആരംഭിച്ചു. ഓരോ ആഴ്ചയിലും ഒരു വീഡിയോ തയ്യാറാക്കി ആഗസ്റ്റ് 15-ന് ചിന്നത്തുറയിൽ 1 മണിക്കൂർ ആരാധന നടത്തി.

**ഫാ. രതീഷ്** — **മല്ലിക ഡെസൽബിൻ**
കോഓർഡിനേറ്റർ — ആനിമേറ്റർ

സഹായധനം ഒരു വർഷത്തേയ്ക്ക് നല്കുന്നതാ ണെന്ന് അറിയിച്ചു.

ഓഖി ദുരന്തത്തിൽ അപകടത്തിലാകുകയും പിന്നീട് തിരിച്ചെത്തുകയും ചെയ്തവരെ രൂപതാ പ്രതിനിധികൾ സന്ദർശിച്ചു. അവരുടെ ഇപ്പോഴത്തെ ആവശ്യങ്ങളും യഥാർത്ഥസ്ഥിതികളും ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിച്ചു വരുന്നു. മാനസിക സംഘർഷത്തിൽ നിന്ന് മുക്തി പ്രാപിക്കുന്നതിന് അവരെ സഹായിച്ചിരുന്നു. കുടുംബപ്രേഷിത ശുശ്രൂഷയുടെ ഫെറോന എക്സിക്യൂട്ടീവ് രണ്ടാമത്തെ ചൊവ്വാഴ്ച കൂടാൻ തീരുമാനിച്ചു. ഇടവക എക്സിക്യൂട്ടീവ് മാർത്താണ്ഡൻതുറയിൽ നടന്നു. മുഖ്യപ്രമേയം മുതിർന്ന മാതാപിതാക്കളെ അഥവാ ദമ്പതികളെ ആദരിക്കുക എന്നതായിരുന്നു. അതിൻ പ്രകാരം യോവാക്കിം-അന്ന ദമ്പതികളുടെ തിരുന്നാളിനോട് സംബന്ധിച്ച് 29-ാം തീയതി ഞായർ ആദ്യ കുർബാനയിൽ ഓരോ വാർഡിൽ നിന്നുമുള്ള മുതിർന്നവരെ ആദരിക്കുകയുണ്ടായി. ഒപ്പം ഓരോ യൂണിറ്റിലും അവരുടെ മുതിർന്ന ദമ്പതികളെ ആദരിച്ചു. മക്കൾ മാതാപിതാക്കളിൽ നിന്ന് ആശീർവാദം സ്വീകരിച്ചു. യൂണിറ്റുകളിൽ വാർഷികങ്ങൾ, ജന്മദിനങ്ങൾ മറ്റ് പ്രോത്സാഹനങ്ങൾ തുടങ്ങിയവ അനുസ്മരിച്ചു വരുന്നു.





# യുവജന ശുശ്രൂഷ

## LAMP കോഴ്സ്

2018 ഫെബ്രുവരിയിൽ ആരംഭിച്ച് ആഗസ്റ്റിൽ സമാപിച്ച 6 മാസം നീണ്ടു നിന്ന LAMP കോഴ്സ് വിജയകരമായി പര്യവസാനിച്ചു. കെ.സി.വൈ.എം. ഉം കേന്ദ്ര ഗവൺമെന്റിന്റെ യൂത്ത് അഫേഴ്സ് ആൻഡ് സ്പോർട്സ് നെഹ്റു യുവകേന്ദ്രയും സംയുക്തമായി നടത്തിയ 10-ാംമത് ലാമ്പ് കോഴ്സിൽ 48 യുവജനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. Life skills, Personality development, Leadership training, Spoken English, Catholic spirituality എന്നീ വിഷയങ്ങൾ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യ്ത ലാമ്പ് കോഴ്സ് വ്യക്തി ജീവിതത്തിനും മികച്ച തൊഴിൽ അവസരങ്ങൾക്കും ഏറെ ഗുണകരമായിരിക്കും.

അടുത്ത ലാമ്പ് കോഴ്സ് 2018 ഒക്ടോബർ 12 ന് ആരംഭിക്കും. ആ കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ള യുവജനങ്ങൾ സെപ്റ്റംബർ 15 നു മുമ്പ് രൂപതാ യുവജനശുശ്രൂഷ ഓഫീസിൽ പേരു നൽകേണ്ടതാണ്.

## അഞ്ചുതെങ്ങ് ഫെറോന

ഫെറോനതല എക്സിക്യൂട്ടീവ് യോഗം ആഗസ്റ്റ് 12-ന് കോർഡിനേറ്റർ ഫാ.സ്റ്റാലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോനതല റിപ്പോർട്ടും ഇടവകതലത്തിലെ മൂന്നു മാസത്തെ റിപ്പോർട്ടും വായിച്ചു വിലയിരുത്തി. തുടർന്നു ജനറൽ ബോഡി യോഗം ഫെറോന സെന്ററിൽ നടന്നു. ഫെറോന ഓണാഘോഷവും ഇടവകതല ഓണാഘോഷവും കേരളം ഇന്നു നേരിടുന്ന പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ മാറ്റി വച്ച് കഷ്ടങ്ങൾ നേരിടുന്നവരെ സഹായിക്കുന്നതിനു തീരുമാനിച്ചു; അതിന്റെ അടിസ്ഥാനത്തിൽ എല്ലാ യുവജനങ്ങളും ഇടവകയുടെ നേതൃത്വത്തിൽ സഹായങ്ങൾ ശേഖരിച്ച് നൽകിക്കൊണ്ടിരിക്കുന്നു. അഞ്ചുതെങ്ങ് ഫെറോനയുടെ നേതൃത്വത്തിൽ ഒരു ഇടവകയിൽ

ഞായറാഴ്ച ഗ്രാൻഡ് പേരന്റ്സ്ഡേ ആയി ആചരിക്കുകയും ഗ്രാൻഡ് പേരന്റ്സിനെ ആദരിക്കുകയും ചെയ്തു.

**ആനന്ദിച്ച് ആഹ്ലാദിക്കുവിൻ** (Gaudate et Exsultate)

കുടുംബശുശ്രൂഷാ പ്രവർത്തനങ്ങൾക്ക് ഇടവകതലത്തിൽ നേതൃത്വം കൊടുക്കുന്ന സിസ്റ്റർ ആനിമേറ്റേർ, കുടുംബശുശ്രൂഷാ കൺവീനർ, റിസോഴ്സ് ടീം അംഗങ്ങൾ, മതബോധന അധ്യാപകർ എന്നിവർക്കായി സെപ്തംബർ 1 ശനിയാഴ്ച രാവിലെ 10 മണിമുതൽ വൈകുന്നേരം 3.30 വരെ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച്, പരിശുദ്ധ പിതാവ് **ഫ്രാൻസിസ് പാപ്പയുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ"** (Gaudate et Exsultate) എന്ന അപ്പസ്തോലിക ഉദ്ബോധനത്തെക്കുറിച്ചുള്ള സെമിനാർ നടത്തുകയാണ്.

**വിവാഹ മുന്നൊരുക്ക കോഴ്സ്**

ആഗസ്റ്റ് 03, 04, 05 തീയതികളിൽ നടന്ന കോഴ്സിൽ 70 പെൺകുട്ടികളും 65 ആൺകുട്ടികളും 2018 ആഗസ്റ്റ് 27, 28, 29 വരെ തീയതികളിൽ നടന്ന ക്ലാസ്സിൽ 65 ആൺകുട്ടികളും 63 പെൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**മാര്യേജ് ബ്യൂറോ**

ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 26 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.rcmatrimonial.org

**വിവാഹ ഒരുക്കസെമിനാർ**
2018 സെപ്തംബർ 03, 04, 05
2018 സെപ്തംബർ 17, 18, 19

ഡിസംബർ മാസം ഒരു കോഴ്സു കൂടി കൂട്ടിച്ചേർത്തു. 2018 ഡിസംബർ 28, 29, 30





**കഴക്കൂട്ടം ഫെറോന**

കഴക്കൂട്ടം ഫെറോന കുടുംബപ്രേഷിത ശുശ്രൂഷ സമിതി കൺവീനർമാരുടെയും സിസ്റ്റർ ആനിമേറ്ററുടെയും യോഗം ആഗസ്റ്റ് 11-ാം തീയതി കഴക്കൂട്ടം സെന്റ് ജോസഫ് പാരിഷ് ഹാളിൽ വച്ച് ഫെറോന വൈദിക കോർഡിനേറ്റർ റവ. ഫാ. ഡേവിസ് ഇടക്കളത്തൂരിന്റെ അദ്ധ്യക്ഷതയിൽ കൂടി. ഫെറോന വികാരി മോൺ. ജോർജ്ജ് പോൾ, ഫെറോന ആനിമേറ്റർ ഫ്രഡറിക് റ്റി. പെരേര എന്നിവരും യോഗത്തിൽ പങ്കെടുത്തു. എല്ലാ ഇടവകകളിലും വിധവ ഫോറം രൂപീകരിക്കാനും, കരുണാമയൻ, സാന്ത്വനം മംഗല്യം എന്നീ പദ്ധതികളുടെ പ്രവർത്തനം ഇടവകകളിൽ ആരംഭിക്കാനും യോഗം തീരുമാനിച്ചു. ഇതിനു മുന്നോടിയായി കുടുംബപ്രേഷിത ശുശ്രൂഷയുടെ പ്രധാന്യം ബി.സി.സി. യൂണിറ്റുകളിൽ എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഫെറോനയിലെ എല്ലാ യൂണിറ്റിൽ നിന്നുമുള്ള കുടുംബപ്രേക്ഷിത അംഗങ്ങൾക്ക് ഒരു പരിശീലന ക്ലാസ് സെപ്റ്റംബർ 16 ന് സംഘടിപ്പിക്കാനും തീരുമാനിച്ചു.

| | |
|---|---|
| **റവ. ഫാ. ഡേവിസ് ഇടക്കളത്തൂർ** | **ഫ്രഡറിക് റ്റി. പെരേര** |
| വൈദിക കോഡിനേറ്റർ | ആനിമേറ്റർ |

**തൂത്തൂർ ഫെറോന**

വിധവ കൂട്ടായ്മ ബഹു. ലൂസിയാൻസ് അച്ചന്റെ അദ്ധ്യക്ഷതയിൽ ഫെറോന സെന്ററിൽ ചേരുകയുണ്ടായി. 600 അംഗങ്ങൾ പങ്കെടുത്തു. മൂന്നു ഗ്രൂപ്പുകളായി തിരിച്ച് ക്ലാസുകൾ നല്കി. ഫെറോന എക്സിക്യൂട്ടീവ് രൂപതാതലത്തിൽ രൂപീകരിച്ച ഏകസ്തരുടെ കൂട്ടായ്മയിൽ 72 പേർ പങ്കെടുത്തു. ആഗസ്റ്റ് 19,20,21 തീയതികളിൽ വിവാഹ ഒരുക്ക സെമിനാർ നടത്തി ജൂൺ മാസം 60 പേരും, ആഗസ്റ്റ് മാസം 30 അംഗങ്ങളും പങ്കെടുത്തു. രൂപത ടീം ഇടവക സന്ദർശിച്ചു. നിർദ്ധനരായ 62 ഏകസ്തർക്ക് സഹായ ധനമായി 1000 രൂപ ഏകസ്ഥ സംഗമത്തിൽ വച്ച് നല്കി. പ്രതിമാസം

**കോവളം ഫെറോന**

കുടുംബപ്രേഷിതശുശ്രൂഷയുടെ ജൂലൈ മാസത്തിൽ കോർഡിനേറ്റർ ഫാ. ജോണി പുത്തൻ വീട്ടിൽ അധ്യക്ഷത വഹിച്ച യോഗത്തിലെ തീരുമാനമനുസരിച്ച് 10 വർഷത്തിനുള്ളിൽ വിവാഹിതരായ ദമ്പതികൾക്ക് ക്ലാസ്സ് നൽകി. ഇപ്പോഴത്തെ കുടുംബങ്ങളുടെ അവസ്ഥ മനസ്സിലാക്കി ആവശ്യമുള്ള വ്യക്തികൾക്കോ കുടുംബങ്ങൾക്കോ കൗൺസിലിംഗിനുവേണ്ട സൗകര്യം നൽകുന്നതാണെന്ന് കോർഡിനേറ്റർ ഫാ. ജോണി അറിയിച്ചു. കുടുംബപ്രാർത്ഥനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്നും കൂട്ടിച്ചേർത്തു.

ഇടവകകളിൽ വൃദ്ധരായ മാതാപിതാക്കളെ ആദരിക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. കൂടാതെ, ദൈവാലയത്തിൽ എത്താൻ സാധിക്കാത്തവരെ ദൈവാലയത്തിൽ എത്തിക്കുകയും ദിവ്യബലിയിൽ പങ്കെടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു.

ആഴാകുളം ഇടവകയും യൂണീറ്റുകളിലും ചേർന്ന് ഒരു പാവപ്പെട്ട കുടുംബത്തിന് ഭവനം നിർമ്മിക്കുന്നതിനായി മൂന്നു സെന്റ് സ്ഥലം വാങ്ങി നൽകി.

**പാളയം ഫെറോന**

പാളയം ഫെറോനയുടെ എക്സിക്യൂട്ടീവ് യോഗം ജൂലൈ മാസം 22-ാം തീയതി സെന്റ് ജോസഫ് സ്ക്കൂളിൽ വച്ച് കൂടുകയുണ്ടായി. വൈദീകകോർഡിനേറ്ററായി ഫാ. രജീഷ് വി രാജനും ആനിമേറ്ററായി ശ്രീ. സെബാസ്റ്റ്യനും പുതുതായി ചാർജ്ജെടുത്തു. ഫെറോന സെക്രട്ടറി രോഗബാധിതനായി യോഗത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതിനാൽ ശ്രീ. ബാബു ഫ്രാൻസിസ് ഫെറോന തലത്തിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചു.

തുടർപ്രവർത്തനമായി 18 വയസ്സ് പൂർത്തിയായ പെൺകുട്ടികളെയും 21 വയസ്സ് പൂർത്തിയായ ആൺകുട്ടികളെയും വിവാഹ ഒരുക്കകോഴ്സിൽ പങ്കെടുപ്പിക്കുക (വിവാഹം ഉറപ്പിക്കാൻ കാത്തുനിൽക്കാതെ), ഏകസ്ഥരുടെ ക്ഷേമപ്രവർത്തനങ്ങൾ, ഡിജിറ്റൽ ഫ്രീ





അവറിന്റെ ഫലപ്രദമായ വിനിയോഗം എന്നീ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുവാൻ തീരുമാനിച്ചു.

ഫെറോന ജനറൽ ബോഡി യോഗം 29-7-2018 ഞായറാഴ്ച വൈകുന്നേരം സെന്റ് ജോസഫ് സ്ക്കൂളിൽ ചേർന്നു. 16 അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ കുടുംബ പ്രാർത്ഥനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ഫെറോന തലത്തിലെ എല്ലാ യൂണിറ്റിൽ നിന്നുമുള്ള കുടുംബശുശ്രൂഷ പ്രതിനിധികളെ ഉൾപ്പെടുത്തി സെപ്തംബറിലോ ഒക്ടോബറിലോ ഫെറോന സംഗമം നടത്താനും, യൂണിറ്റ്തലത്തിൽ ബിസിസി ഭാരവാഹികളുമായി ചേർന്ന് കുടുംബപ്രാർത്ഥന മോഡൽ നൽകി നടപ്പാക്കാനും തീരുമാനിച്ചു.

പത്ത് ഇടവകകളിൽ പ്രതിമാസ യോഗം കൂടി. സമകാലിക വിഷയങ്ങൾ വേണ്ടവിധം കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നു. ഇത്തവണത്തെ ഓണാഘോഷങ്ങൾ മാറ്റി വച്ച് പ്രളയബാധിതർക്ക് ആശ്വാസം നൽകുന്ന സംവിധാനങ്ങളുമായി സഹകരിച്ചുവരുന്നു. പല ഇടവകകളിൽ നിന്നും പ്രത്യേക വാഹനങ്ങളിൽ സ്ത്രീകൾ ഉൾപ്പടെ മൺട്രോതുരുത്ത്, ആലുവ തുടങ്ങിയ മേഖലകളിൽ ഭവനങ്ങൾ വൃത്തിയാക്കുന്ന പ്രവർത്തനത്തിൽ ഇടവകതലത്തിൽ സംഘടിച്ച് സഹായിച്ചുകൊണ്ടിരിക്കുന്നു.

ഏകസ്ഥർക്കുവേണ്ടിയുള്ള "കരുണാമയൻ" പദ്ധതിയിൽ ഫെറോനയിൽ നിന്ന് മാസം 1000/- രൂപ വീതം ഒരു വർഷം 10 അംഗങ്ങൾ നൽകുന്നുണ്ട്. ദമ്പതികളുടെ സംഗമം ഇടവകകൾ കേന്ദ്രീകരിച്ച് അതാത് ഇടവകകളിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ വിദഗ്ദരുടെ സഹായത്താൽ നടന്നു.

**പേട്ട ഫെറോന**

കുടുംബശുശ്രൂഷയുടെ ഫെറോന സമിതിയുടെ നേതൃത്വത്തിൽ വിവാഹിതരായി 12 വർഷം വരെയായ ദമ്പതികൾക്കായി സംഘടിപ്പിച്ച ഏകദിന സെമിനാറിൽ ഡോ. സുഷ ജനാർദ്ദനൻ, ഫാ. തോമസ് റ്റി. ഡി. എന്നിവർ ക്ലാസ്സുകൾ നയിച്ചു. ജൂലൈ 29

രിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപത കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5-ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

കുടുംബപ്രേഷിത ശുശ്രൂഷയുടെ കരുണയുടെ മുഖമാണ് “സാന്ത്വനം മംഗല്യം”. സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുകയാണ് സാന്ത്വനം മംഗല്യത്തിന്റെ ലക്ഷ്യം.

ഇതുവരെയായി 93 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 81 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. യോഗ്യമല്ലാത്ത 3 അപേക്ഷകൾ തള്ളിക്കളയുകയുണ്ടായി. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 7 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനുശേഷം 5 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ ഏകസ്ഥരുടെ (വിവാഹിതരാകാതെ ജീവിക്കുന്നവരുടെ) അജപാലനം മുന്നിൽ കണ്ടുകൊണ്ട് നടത്തുന്ന കർമ്മ പരിപാടിയാണ് “ആരും തനിച്ചല്ല” - കരുണാമയൻ. ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി 30 അംഗങ്ങൾക്ക് ധനസഹായം നൽകുന്നു. അതിനോടൊപ്പം അവരെ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്തു വരുന്നു.





**ഫെറോനതലം**

**പുല്ലുവിള ഫെറോന:**

പുല്ലുവിള ഫെറോനയിലെ പുല്ലുവിള, പൂവാർ, പള്ളം, പരുത്തിയൂർ, കൊച്ചുതുറ എന്നീ ഇടവകകളിൽ അപ്പൂപ്പൻമാരുടെയും അമ്മൂമ്മമാരുടെയും തിരുനാൾ സാഘോഷം കൊണ്ടാടി. ഈ തിരുനാളിനോടനുബന്ധിച്ച് ഇവർക്ക് കുമ്പസാരിക്കാനുള്ള അവസരം പ്രത്യേകം നൽകി. ദിവ്യബലിക്കുശേഷം ചായസത്ക്കാരവും സമ്മനവും നൽകി.

28-7-2018 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണി വരെ പൂവാർ പള്ളിയിൽ വച്ച് ഫെറോന കുടുംബശുശ്രൂഷയുടെ നേതൃത്വത്തിൽ വിവാഹം കഴിഞ്ഞ് 25 വർഷത്തിനകത്ത് കുടുംബ ജീവിതം നയിക്കുന്ന ദമ്പതികൾക്ക് “മാതാപിതാക്കളുടെ ഉത്തരവാദിത്വങ്ങൾ, കുടുംബപ്രാർത്ഥനയുടെ മാഹാത്മ്യം” എന്നീ വിഷയങ്ങളെ ബൈബിൾ അടിസ്ഥാനമാക്കി പരുത്തിയൂർ ഇടവക കുടുംബ ശുശ്രൂഷ കൺവീനർ ശ്രീമതി ലില്ലിദാസൻ ക്ലാസ്സ് നയിച്ചു. 170 പേർ പങ്കെടുത്ത ക്ലാസ്സിൽ ഫെറോന കോർഡിനേറ്റർ ഫാ. ഷാബിൻ, ഫോറോന ആനിമേറ്റർ സി. വിനിത, ഫെറോന സെക്രട്ടറി ശ്രീമതി സർജി എന്നിവർ നേതൃത്വം നൽകി.

***പുല്ലുവിള ഫെറോന***
***കൗൺസിലിംഗ് സെന്ററുകൾ, സമയം***

1. **പരുത്തിയൂർ ഇടവക ദൈവാലയം:** എല്ലാ ആദ്യ വെള്ളിയാഴ്ചകളിൽ 10 മണി മുതൽ 2 മണി വരെ.
2. **പള്ളം ഇടവകദൈവാലയം:** മറ്റ് വെള്ളിയാഴ്ചകളിൽ 10 മണി മുതൽ 2 മണി വരെ.
3. **പൂവാർ ഇടവക ദൈവാലയം:** ശനിയാഴ്ചകളിൽ (2-ാം ശനിയാഴ്ച ഒഴികെ) 10 മണി മുതൽ 2 മണി വരെ.

എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് ഓരോ ഇടവകയിലും രൂപതാതല പരീക്ഷയ്ക്ക് സമ്മാനത്തിന് അർഹരായ വിദ്യാർത്ഥികൾക്ക് ഫൊറോനതലത്തിൽ മെറിറ്റ് അവാർഡ് നൽകി. ഇതിനോടൊപ്പം ഓരോ ഇടവകയുടെയും തനതായ രീതിയിൽ കലാപരിപാടികൾ അവതരിപ്പിച്ചു.

**ഇടവകാതലത്തിൽ**: പുല്ലുവിള ഇടവകയിൽ മതബോധന സമിതിയുടെ നേതൃത്വത്തിൽ ഡിഗ്രി, +2, എസ്എസ്എൽസി, 9 എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ക്ലാസ്സടിസ്ഥാനത്തിൽ സൈബർ ക്രൈം, നേതൃത്വം, മൂല്യബോധനം എന്നീ വിഷയങ്ങളിൽ പ്രത്യേകമായി ബോധവൽക്കരണം നടത്തി.

**ഫാ. ശാന്തപ്പൻ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## തൂത്തൂർ ഫെറോന

**ഫെറോന പ്രവർത്തനങ്ങൾ**

ജൂലൈ 27-ന് കോഡിനേറ്റർ ഫാ.ബിനുവിന്റെ നേതൃത്വത്തിൽ യോഗം കൂടി. 8 ഇടവകയിലെ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. മാർപാപ്പ എഴുതിയ ആനന്ദിച്ചാഹ്ലാദിക്കുവിൻ എന്ന വിഷയത്തെക്കുറിച്ച് ഫെറോനവികാരി ക്ലാസെടുത്തു. വചന വിചിന്തനം നടത്തി.

നിരീക്ഷണ സമിതി 8 ഇടവകയിലും പോകാൻ തീരുമാനിച്ചു സന്ദർശന തിയതി കൊടുത്തു. ഒക്ടോബർ 2-ന് ടീച്ചേഴ്സ് സെമിനാർ നടത്തും.

**ഫാ. ബിനു** — **മല്ലിക ഡെസൽബിൻ**
കോഓർഡിനേറ്റർ — ആനിമേറ്റർ





# കുടുംബപ്രേഷിത ശുശ്രൂഷ

## അതിരൂപതാതലം

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ് മൂന്നാം ബാച്ച്**

കുടുംബപ്രേഷിത ശുശ്രൂഷയുടെ കീഴിൽ നടന്നുവരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെ മൂന്നാം ബാച്ചിന്റെ ക്ലാസ്സുകൾ 11, 28 എന്നീ തീയതികളിൽ നടക്കുകയുണ്ടായി. 28 പേർ പങ്കെടുക്കുന്ന കോഴ്സിന് ഫാ. എ.ആർ.ജോൺ, ഫാ. ആൻഡ്രൂസ് കോസ്മോസ്, ഫാ. എഡിസൻ, ശ്രീ. യേശുദാസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഡിപ്ലോമ കൗൺസിലിംഗ് കോഴ്സ്**

കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന കൗൺസിലിംഗ് കോഴ്സിന്റെ മൂന്നാമത്തെ ബാച്ച് ജൂലൈയിൽ ആരംഭിച്ച വിവരം അറിയിച്ചിരുന്നല്ലോ. സർട്ടിഫിക്കറ്റ് കോഴ്സിനെ ഡിപ്ലോമ കോഴ്സായി പരിഗണിച്ചു എന്നകാര്യം സ്നേഹപൂർവ്വം അറിയിക്കുന്നു.

കുടുംബം, യുവാക്കൾ, കുട്ടികൾ എന്നീ തലങ്ങളിൽ പ്രവർത്തിക്കുന്ന അച്ചന്മാർക്കും സിസ്റ്റേഴ്സിനും ഗവൺമെന്റിന്റെ കൗൺസിലിംഗ് സർട്ടിഫിക്കറ്റ് അനിവാര്യമായിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ ഈ അവസരം നന്നായി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾക്കായി **8281123941, 9387296213** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽനിന്നും വന്ന 101 പേർക്ക് പ്രശ്നപ

ധ്യാനം നടത്തുവാൻ നിശ്ചയിച്ചു.

കരിസ്മാറ്റിക്: ഫെറോനയിലെ പ്രാർത്ഥനകൂട്ടായ്മയെ ഫാ.ജോസഫ് എൽക്കിൻ അച്ചന്റെ നേതൃത്വത്തിൽ വിളിച്ചുകൂട്ടി. 4 ഇടവകകൾ പ്രാർത്ഥനാകൂട്ടായ്മയുണ്ട്. മറ്റു ഇടവകകളിലും കൂട്ടായ്മ തുടങ്ങുവാൻ തീരുമാനിച്ചു. എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 9.30 മുതൽ 1 മണി വരെ വചനപ്രഘോഷണവും ആരാധനയും കാര്യവട്ടം പള്ളിയിൽ വച്ച് നടക്കുന്നു. ആഗസ്റ്റ് 28-ന് ദമ്പതി കൂട്ടായ്മ നടത്തുവാൻ തീരുമാനിച്ചു.

## വലിയതുറ ഫെറോന

**സൺഡേ സ്കൂൾ ടീച്ചേഴ്സ് യോഗം:** ആഗസ്റ്റ് 26-ന് നടത്താൻ തീരുമാനിച്ചു. അദ്ധ്യാപകർക്ക് പരിശീലന ക്ലാസും നടത്തും. എല്ലാ ഇടവകയിലും ആഗസ്റ്റ് 13-ന് 6 മണിക്ക് ദിവ്യബലിയിൽ അൾത്താര ബാലകർക്കായുള്ള പ്രത്യേക ദിവ്യബലി നടത്തി. അവരെ ആദരിച്ചു ഇതിൽ എല്ലാ ഇവകകളിലെയും അൾത്താര ബാലകർ അതാത് ഇടവകകളിൽ പങ്കെടുത്തു.

**ഫാ. മെൽക്കോൺ** — **മേരി**

കോഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

പുല്ലുവിള ഫെറോന അജപാലന ശുശ്രൂഷ സമിതിയോഗം ജൂലൈ 29 പരുത്തിയൂർ ഇടവകയിൽ വച്ച് കോർഡിനേറ്റർ ഫാ. അഗസ്റ്റിൻ ജോണിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്ലാൻ & ബഡ്ജറ്റിലെ പദ്ധതി -ബജറ്റനുസരിച്ചുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി. പ്രധാനമായി 3 പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചർച്ചയും തീരുമാനങ്ങളുമുണ്ടായി.





**തീരുമാനങ്ങൾ**

**മതാന്തര സംവാദം:** വിവിധ മതങ്ങളുടെ സംഗമം സംഘടിപ്പിക്കുക അതുവഴി മതങ്ങളുടെ ദർശനം തിരിച്ചറിഞ്ഞ് അവയോടുള്ള ജനങ്ങളുടെ സമീപനത്തിലും കാതലായ മാറ്റം വരുത്തുക, ഐക്യവും സൗഹാർദ്ദവും ആഴപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് മതാന്തരസംവാദം സംഘടിപ്പിക്കുന്നത്.

**ദൈവശാസ്ത്രം:** ക്രൈസ്തവ വിശ്വാസത്തിന്റെ നിതാന്തത കാത്ത് സൂക്ഷിക്കുന്ന വിശുദ്ധിയിലേയ്ക്കുള്ള സഞ്ചാരത്തിൽ ദൈവ ശാസ്ത്ര പഠനം വിശ്വാസിക്ക് പ്രകാശമായി തീരുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഫെറോനതലത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

**കാനോൻ നിയമം:** കാനോൻ നിയമങ്ങളിലെ അല്മായരുടെ കടമകളും അവകാശങ്ങളും വിശ്വാസികളെ ബോധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി ഫെറോനതലത്തിൽ വിവിധ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഫാ. അഗസ്റ്റിൻ ജോൺ**

കോഓർഡിനേറ്റർ

**മതബോധനം:** ഫെറോന മതബോധന സമിതിയോഗം ആഗസ്റ്റ് 5-ന് കൊച്ചുതുറ ഇടവകയിൽ വച്ച് കോർഡിനേറ്റർ ഫാ. ശാന്തപ്പന്റെ അദ്ധ്യക്ഷതയിൽ കൂടി. ഫെറോന സെക്രട്ടറി വായിച്ച മുൻയോഗ റിപ്പോർട്ട് സമിതി അംഗീകരിച്ചു പാസ്സാക്കി. റിപ്പോർട്ടിന്മേലുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പദ്ധതിയനുസരിച്ച് നടത്തേണ്ട പ്രവർത്തനമായ ഫെറോന മതബോധന വാർഷികം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ചയും തീരുമാനങ്ങളുമുണ്ടായി. കരുംകുളം ഇടവകയിൽ വച്ച് ആഗസ്റ്റ് 12-ന് സംഘടിപ്പിച്ചു. സമ്മേളനം ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്തു. അജപാലന കോർഡിനേറ്റർ ഫാ. അഗസ്റ്റിൻ ജോൺ, ഫാ.ശാന്തപ്പൻ

വരുത്തി. ലീഡേഴ്സ് (ജനറൽ ബോഡി) ചേരുമ്പോൾ മാർഗ്ഗരേഖ പ്രകാരം യൂണിറ്റ് യോഗത്തിന്റെ ക്രമങ്ങൾ ഉപയോഗിക്കണമെന്നും നിർബന്ധമായും ശുശ്രൂഷ പ്രതിനിധികളും ഇടവക കൗൺസിൽ അംഗങ്ങളും പങ്കെടുക്കണമെന്നും ഓർമ്മിപ്പിച്ചു. (മാർഗ്ഗരേഖ നമ്പർ 227-229)

അതുപോലെ ബിസിസി ഇടവക കോർഡിനേറ്റേഴ്സ് എല്ലാ ശുശ്രൂഷകളെയും ചലിപ്പിക്കണമെന്നും ബിസിസിയിൽ അവ പ്രാവർത്തികമാക്കുവാനും ഏകോപിപ്പിക്കുവാനും മുൻകൈ എടുക്കേണ്ടവയാണെന്നും ബോധ്യങ്ങൾ പങ്കുവച്ചു. യൂണിറ്റുകൾ തങ്ങളുടെ മദ്ധ്യസ്ഥ തിരുന്നാളുകൾ ആഘോഷിക്കുകയും സ്നേഹം പങ്കുവയ്ക്കുകയും ചെയ്തു. പ്രളയ ദുരന്തത്തിൽ അകപ്പെട്ടവരെ തങ്ങളാൽ ആകും വിധം സഹായിക്കാൻ കൂട്ടായ്മയിലേക്ക് ദൈവം നമ്മെ ക്ഷണിക്കുന്ന അവസരമായി കണക്കാക്കി. യൂണിറ്റുകൾ വഴി അത്യാവശ്യം വേണ്ട നിത്യോപയോഗ സാധനങ്ങളും വസ്ത്രങ്ങളും ശുചീകരണ പദാർത്ഥങ്ങളും സാമ്പത്തിക സഹായങ്ങളും എത്തിച്ച് ദൈവത്തിന്റെ വറ്റാത്ത കരുണയുടെ ഒരു കൈ താങ്ങാകുവാൻ യൂണിറ്റുകൾക്ക് സാധിച്ചു

**ഫാ. ജേക്കബ് സ്റ്റെല്ലസ്** — വൈദിക കോർഡിനേറ്റർ

**സിസ്റ്റർ ആൽബീന** — ആനിമേറ്റർ





# അജപാലനശുശ്രൂഷ

## അഞ്ചുതെങ്ങ് ഫെറോന

ഫെറോന സമിതിയോഗം ആഗസ്റ്റ് 12-ന് 3 മണിയ്ക്ക് ബോസ്കോ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. ഫെറോനതല റിപ്പോർട്ട് വായിച്ചു വിലയിരുത്തി. 5 ഇടവകകളിൽ നിന്നും കൺവീനർമാർ പങ്കെടുത്തു. അടുത്ത മാസത്തെ യോഗത്തിൽ ദിവ്യബലിയ്ക്കുളള വസ്തുക്കളെക്കുറിച്ചുളള പഠന ക്ലാസ്സ് നടത്തുവാൻ തീരുമാനിച്ചു.

**ക്രിസ്തീയ വിശ്വാസ ജീവിതപരിശീലനം:** ഫെറോന എക്സിക്യൂട്ടീവ് യോഗം ആഗസ്റ്റ് 12-ന് നടന്നു. ഫെറോന റിപ്പോർട്ടും ഇടവക തല റിപ്പോർട്ടും വായിച്ചു വിലയിരുത്തി. എല്ലാ ഇടവകയും പങ്കെടുത്തു. ആഗസ്റ്റ് 22-ന് നടത്താനിരുന്ന അദ്ധ്യാപകർക്കുളള ക്ലാസ്സും ഓണാഘോഷവും 27-ന് നടത്തും. ഫെറോനതല വാർഷികാഘോഷം മാറ്റിവച്ച് അതിന്റെ ചെലവ് പ്രകൃതിക്ഷോഭ ത്തിനിരയായ വരെ സഹായിക്കുവാൻ തീരുമാനിച്ചു.

**ഫാ.ജോൺ ബോസ്ക്കോ** — കോഓഡിനേറ്റർ

**ഗ്ലാഡിസ് ജെയിംസ്** — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

**മതബോധനം:** എക്സിക്യൂട്ടീവ് യോഗം എല്ലാ മാസവും നടത്തുന്നു. ജനറൽ ബോഡി ഒന്നിടവിട്ടു മാസങ്ങളിൽ ഓരോ ഇടവകയിലും വച്ച് നടത്തുന്നു. ലോഗോസ് ക്വിസിന് എല്ലാ ഇടവകകളിലും രജിസ്റ്റർ ചെയ്തു. ഫെറോനയുടെ നേതൃത്വത്തിൽ ലോഗോസ് ക്വിസിനു മാതൃകാ ചോദ്യങ്ങളുണ്ടാക്കി എല്ലാ ഇടവകകളിലും നൽകി. കുട്ടികളെ പരീക്ഷയ്ക്കു തയ്യാറാക്കുന്നു. ഫെറോനയിലെ മതബോധന അദ്ധ്യാപകർക്കായി ആഗസ്റ്റ് 28-ന്

റോഷൻ അച്ചൻ എന്നിവർ ക്ലാസ്സുകൾ നൽകി. എല്ലാ ഇടവകയുടെയും സാന്നിദ്ധ്യം ഉണ്ടായിരുന്നു.

എല്ലാ ഇടവകയിലും ബിസിസി യോഗങ്ങൾ കൃത്യമായി നടക്കുന്നു. ഹോം മിഷൻ നടന്ന ഇടവകയിൽ തുടർപ്രവർത്തന ങ്ങൾക്ക് ശുശ്രൂഷാ അടിസ്ഥാനത്തിൽ ശ്രദ്ധ നൽകി വരുന്നു.

വവ്വാമൂല ഇടവകയിൽ നടത്തിയ ഹോം മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ഇടവകയിലെ അംഗങ്ങൾ വളരെയധികം സംതൃപ്തി പ്രകടിപ്പിച്ചു. ഇതേ തുടർന്ന് ഇവിടെ കുട്ടികളുടെ ബിസിസി തുടങ്ങി പ്രവർത്തിച്ചു വരുന്നു. ഇടവകകളിൽ ബിസിസി യൂണിറ്റുകളുടെ പ്രവർത്തനം അഭിനന്ദനാർഹമാണ്. ദിവ്യബലിയിലെ സജീവ പങ്കാളിത്തം, രോഗീ സന്ദർശനം പ്രാർത്ഥന, രോഗികൾക്കും മറ്റുള്ളവർക്കും നൽകുന്ന സാമ്പത്തിക സഹായം, പ്രത്യേകിച്ച് കാലികമായി പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന സഹോദരങ്ങളോടുള്ള ഐക്യദാർഢ്യം, സ്നേഹം, യൂണിറ്റ്-ഇടവകതലങ്ങളിൽ നൽകിയ ധനസഹായം, ആൾസഹായം രക്ഷാ ബോട്ടുകൾ തുടങ്ങിയവ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പങ്കുവയ്ക്കലിന്റെയും നിറഞ്ഞു നിൽക്കുന്ന സാക്ഷ്യങ്ങളായി മാറി. എല്ലാവർക്കും ഫെറോനയുടെ പേരിൽ നന്ദിയർപ്പിക്കുന്നു. പെരിങ്ങമ്മല, പുന്നമൂട്, പാലപ്പൂർ, കാക്കാമൂല എന്നീ ഇടവകകളിൽ യൂണിറ്റ് വാർഷികം നടന്നു. പ്രളയ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി ഇടവകകളിൽ പ്രത്യേക ആരാധനയും, പ്രാർത്ഥനകളും നടന്നുവരുന്നു.

**റവ. ഫാ. സനീഷ്**
വൈദിക കോർഡിനേറ്റർ

**സിസ്റ്റർ ജെമിനി**
ആനിമേറ്റർ





## തൂത്തൂർ ഫെറോന

കമ്മീഷൻ മീറ്റിംഗ് ആഗസ്റ്റ് 11-ന് ബിസിസി ഡയറക്ടർ ഫാ.ജേക്കബ് സ്റ്റെല്ലസിന്റെ അദ്ധ്യക്ഷതയിൽ ഫെറോന സെന്ററിൽ വച്ച് നടന്നു. കൂട്ടത്തിൽ റിസോഴ്സ് ടീം അംഗങ്ങൾക്കും അജപാലനശുശ്രൂഷ പ്രതിനിധികൾക്കും പരിശീലനവും നടത്തപ്പെട്ടു. ഫെറോന വികാരി ആൻഡ്രൂസ് കോസ്മോസ് അച്ചൻ വിവിധ ശുശ്രൂഷകളെയും ബിസിസിയെയും സംബന്ധിച്ച് സന്ദേശവും, അജപാലന ഡയറക്ടർ ഫാ.ബിനു ജോസഫ് ക്ലാസ്സും നൽകി. പരിശീലന വിഷയം പരിശുദ്ധ പിതാവിന്റെ "ആനന്ദിച്ച് ആഹ്ലാദിക്കുക" എന്ന ചാക്രിക ലേഖനമായിരുന്നു. പ്രസ്തുത പഠനക്കളരിയിൽ ഫെറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള പങ്കാളിത്തം ഉറപ്പാക്കികൊണ്ട് 42 പേർ പങ്കെടുത്തു. ഫെറോന ആനിമേറ്റർ യോഗത്തിന് നേതൃത്വം വഹിച്ചു. ശുശ്രൂഷകളുടെ ഫെറോന ആനിമേറ്റർമാരും യോഗത്തിലും പരിശീലന പരിപാടിയിലും പങ്കെടുത്തു. ശുശ്രൂഷ കൺവീനർമാർ വികാരിയച്ചന്റെ അറിവോടും സമ്മതത്തോടും സാന്നിധ്യത്തിലും സമിതി അംഗങ്ങളെ ഒരുമിച്ചുകൂട്ടി പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി. ലീഡേഴ്സ് യോഗത്തിൽ അവതരിപ്പിക്കണമെന്ന് ഓർമ്മിപ്പിച്ചു. അടുത്ത യോഗത്തിൽ യുവജന ശുശ്രൂഷ പ്രതിനിധികളെ ഉൾക്കൊള്ളിച്ചായിരിക്കും കാര്യക്രമം നടത്തുക എന്നും അറിയിച്ചു. എല്ലാ ഇടവകകളിലും ലീഡേഴ്സ് യോഗം ബഹു.വികാരി അച്ചന്മാരുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ ചില ശുശ്രൂഷാ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചിരുന്നു. ഇരയിമ്മൻതുറയിൽ ലീഡേഴ്സ് യോഗത്തിൽ വച്ച് യോഗക്രമങ്ങളുടെ അവതരണരീതിയെക്കുറിച്ചും വചനം പങ്കുവയ്ക്കലിനെക്കുറിച്ചും പുനരവലോകനവും അവതരണവും നടത്തുകയുണ്ടായി. ഒപ്പം ജനറൽ ബോഡിയുടെ ഘടനകളും അവയിൽ പങ്കെടുക്കേണ്ട അംഗങ്ങളുടെ വ്യക്തതയും

പാരതന്ത്രങ്ങളിൽ നിന്നും ആന്തരീക സ്വാതന്ത്ര്യം അനുഭവിച്ചു കൊണ്ട് മറ്റുള്ളവർക്ക് ഈ സ്വാതന്ത്ര്യം ലഭ്യമാക്കാൻ പ്രയത്നിക്കുകയും ചെയ്യുവാൻ അച്ചൻ ഉപദേശിച്ചു. കുലശേഖരം ഇടവക ബിസിസി കോർഡിനേറ്റർ കാഞ്ഞിരംകോട് രാജൻ എഴുതി ആഗസ്റ്റുമാസത്തെ ''ജീവനും വെളിച്ചവും'' മാസികയിൽ പ്രസിദ്ധീകരിച്ച 'വൃദ്ധസദനം'' എന്ന കവിത കാലീക പ്രസക്തിയുള്ള വിഷയം മനുഷ്യന്റെ നിസ്സാരതയെ കേന്ദ്രമാക്കി ആശയഗംഭീരമായി അവതരിപ്പിച്ചതിനുള്ള അനുമോദനം അറിയിച്ചു.

**പ്രതിമാസ ബിസിസി കമ്മീഷൻ യോഗം:** എല്ലാ മാസവും ആദ്യശനിയാഴ്ച വൈകുന്നേരം 4 മണിക്ക് വെള്ളയമ്പലം ഇടവകഹാളിൽ നടക്കുന്ന ബിസിസി കമ്മീഷൻ യോഗത്തിൽ ചില ഇടവകകളിൽ നിന്ന് ഇടവിട്ട് ഇടവിട്ട് പങ്കെടുക്കുന്നു. കോർഡിനേറ്റർമാരും റിസ്സോഴ്സ് ടീം അംഗങ്ങളുമാണ് പങ്കെടുക്കേണ്ടത്. അവർക്ക് അസൗകര്യമുണ്ടായാൽ പകരം ഇടവക പ്രതിനിധികളെ അയക്കാൻ കൗൺസിൽ അംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. പ്രതിമാസ റിപ്പോർട്ട് സമന്വയയ്ക്ക് എത്തിക്കുന്നതിനുള്ള വീഴ്ച പരിഹരിക്കണമെന്നും നിർദ്ദേശിച്ചു.

**ഇടവകതലം**

സ്വാതന്ത്ര്യദിനാഘോഷവും, പരിശുദ്ധ അമ്മയുടെ സ്വാർഗ്ഗാരോപണവും എല്ലാ ഇടവകയിലും കൊണ്ടാടി.

**കിള്ളിപ്പാലം**: കിള്ളിപ്പാലത്ത് മഴക്കെടുതികൾമൂലമുണ്ടായ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കുടുംബയൂണിറ്റു ഭാരവാഹികൾ ഒത്തൊരുമയോടെ പ്രവർത്തിച്ചു. സംസ്ഥാനതലത്തിൽ പ്രളയ കെടുതി പരിഹാരത്തിനായി സഹായം ശേഖരിക്കുന്ന റ്റിഎസ്എസ്സ്എസ്സിന്റെ പ്രവർത്തനങ്ങളോട് യുവജനങ്ങളും യൂണിറ്റുഭാരവാഹികളും ആത്മാർത്ഥമായി സഹകരിച്ചു കൊണ്ടിരിക്കുന്നു.





**കാഞ്ഞിരംപാറം**: ജനറൽ ബോഡി യോഗം ചേർന്ന് പള്ളി പുതുക്കി പണി തുടങ്ങുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിപാടിയിട്ടു പ്രവർത്തനം തുടങ്ങി. നിർധനർക്കുള്ള സഹായം തുടരും.

**നെട്ടയം:** ഇടവക മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുന്നാൾ അർത്ഥപൂർണ്ണമാക്കുവാനുള്ള ചർച്ചയും ഒരുക്കങ്ങളും യൂണിറ്റുതലം തുടങ്ങി. തിരുന്നാൾ സെപ്തംബർ 30-ന് തുടങ്ങുന്നു.

**കുലശേഖരം:** നീണ്ട പ്രാർത്ഥനക്കും അദ്ധ്വാനത്തിനും കാത്തിരിപ്പിനും ശേഷം ഒക്ടോബർ 7-ാം തീയതി പള്ളിയുടെ കൂദാശകർമ്മം നടക്കത്തക്കവിധം പരിപാടികൾ ക്രമീകരിച്ചു വരുന്നു.

**തൃക്കണ്ണാപുരം:** ഇടവകദിനം ആഘോഷിച്ചു. ഗുരുതരമായ രഗോബാധിതർക്കുവേണ്ടി പ്രാർത്ഥനാ ശുശ്രൂഷാസഹായവും നൽകാൻ തീരുമാനിച്ചു.

**തൈക്കാട്:** ഇടവകമദ്ധ്യസ്ഥയായ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ചു യുവജനങ്ങൾക്ക് പ്രത്യേക, ഇടവക ജനങ്ങൾക്ക് പൊതുവായും ഒരുക്ക ധ്യാനം നടന്നു. ഇടവകയിലെ എൻജിനിയറിംഗ് കഴിഞ്ഞവരെയും ഉന്നത വിദ്യാഭ്യാസം നേടിയവരേയും പ്രത്യേകം മൊമന്റം നൽകി ആദരിച്ചു.

**റവ. ഫാ. ആന്റണി സിൽവസ്റ്റർ** — വൈദിക കോർഡിനേറ്റർ

**സെബാസ്റ്റ്യൻ വൈ.** — ആനിമേറ്റർ

## കോവളം ഫെറോന

ശുശ്രൂഷകൾ ഇടവകകളിൽ സജീവമായി പ്രവർത്തിക്കുന്നതിനും റിസോഴ്സ് ടീം അംഗങ്ങളെ ഇടവകയിൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി എല്ലാ ഇടവകയിലും ടീം രൂപീകരിച്ചു. അവർക്ക് ഫെറോനയിൽ മൂന്ന് സ്ഥലങ്ങളിലായി ക്ലാസ്സുകൾ നൽകി. ബഹുമാനപ്പെട്ട ബെബിൻസൺ അച്ചൻ, എഡിസൺ അച്ചൻ,

**സെന്റ് ജോസഫ് കഴക്കൂട്ടം:** യൂണിറ്റ് യോഗങ്ങൾ മുടങ്ങാതെ നടന്നു. ആഗസ്റ്റ് 5-ാം തീയതി ഇടവക ജനറൽ ബോഡിയോഗം ഇടവകവികാരിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

**മുരുക്കുംപുഴ:** യൂണിറ്റ് യോഗങ്ങൾ മുടങ്ങാതെ ഇടവക വാർത്താ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ദിവസങ്ങളിൽ തന്നെ നടക്കുന്നു. ആഗസ്റ്റ് 5-ാം തീയതി ജനറൽബോഡി യോഗം ഇടവക വികാരിയുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രധാനമായും ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 2 വരെ നടക്കുന്ന തിരുനാളിന്റെ ക്രമീകരണങ്ങളെക്കുറിച്ചുള്ള ചർച്ചയായിരുന്നു. എല്ലാ അംഗങ്ങളുടെയും സിസിറ്റേഴ്സിന്റെയും സാന്നിദ്ധ്യം സജീവമായിരുന്നു.

**കാര്യവട്ടം:** പ്രതിമാസ ബി.സി.സി. യോഗങ്ങൾ മുടങ്ങാതെ നടക്കുന്നു. ആഗസ്റ്റ് 12-ാം തീയതി ദിവ്യബലിക്കുശേഷം ഇടവകവികാരിയുടെ അദ്ധ്യക്ഷതയിൽ ജനറൽ ബോഡിയോഗം നടന്നു.

**കൊയ്ത്തൂർക്കോണം:** യൂണിറ്റ് യോഗങ്ങൾ എല്ലാം നടന്നു. ആഗസ്റ്റ് - 5 ന് അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്ത ഇടവക സന്ദർശിച്ചു. 46 കുട്ടികൾക്ക് സ്ഥൈര്യലേപനം നൽകി. പാരിഷ് കൗൺസിൽ അംഗങ്ങൾ, ശുശ്രൂഷാസമിതി അംഗങ്ങൾ, ഇടവകയിൽ പ്രവർത്തിക്കുന്ന രണ്ട് കോൺവെന്റുകളിലെ സിസ്റ്റേഴ്സ്, പോത്തൻകോട് കോലിയക്കോട് സബ്സ്റ്റേഷൻ അംഗങ്ങൾ എന്നിവരെ വെവ്വേറെ കണ്ട് പ്രവർത്തനങ്ങൾ വിലയിരുത്തി. സെമിത്തേരി വെഞ്ചരിച്ചു. ഇടവക വികാരി എല്ലാത്തിനും നേതൃത്വം നൽകി.

**ഞാണ്ടൂർക്കോണം:** യൂണിറ്റുകൾ എല്ലാം നടന്നു. ജൂലായ 24 മുതൽ 29 ഇടവക മദ്ധ്യസ്ഥ തിരുനാൾ വ്യത്യസ്ഥമായരീതിയിൽ ഓരോ ദിവസവും ഓരോ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയായിരുന്നു തിരുനാൾ ദിനങ്ങൾ ആഘോഷിച്ചത്.

**തുണ്ടത്തിൽ:** യൂണിറ്റുകൾ മുടക്കം കൂടാതെ നടക്കുന്നു. ജനറൽബോഡി യോഗം നടന്നില്ല.

| | |
|---|---|
| **റവ. ഫാ. തോമസ് നെറ്റോ** | **ഫ്രഡറിക് റ്റി. പെരേര** |
| വൈദിക കോഡിനേറ്റർ | ആനിമേറ്റർ |





## പാളയം ഫെറോന

പാളയം ബിസിസി എക്സിക്യൂട്ടീവ് യോഗം ആഗസ്റ്റ് ഒന്നാം തീയതി വൈദിക കോർഡിനേറ്റർ റവ.ഫാ. ആന്റണി സിൽവസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ കൂടി. മുൻമാസ പ്രവർത്തനങ്ങൾ വിലയിരുത്തി. പ്രേഷിത കുരിശിന്റെ പ്രയാണത്തോടനുബന്ധിച്ചു നിർദ്ദേശിച്ചിരുന്ന പഠന ക്ലാസ്സുകൾ നടക്കാത്ത ഇടവകകളിൽ വരുംദിനങ്ങളിൽ നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ തീരുമാനിച്ചു.

കുടുംബപ്രേഷിത ശുശ്രൂഷയുമായി ചേർന്ന് കുടുംബ പ്രാർത്ഥന, കൂദാശകളുടെ സ്വീകരണം - പ്രത്യേകിച്ച് ദിവ്യബലി, കുമ്പസാരം എന്നിവ മെച്ചപ്പെടുത്തുവാനുള്ള സംയുക്ത ശ്രമം നടത്തുവാൻ തീരുമാനിച്ചു. യൂണിറ്റുകളുടെയും ഇടവകയുടെയും പ്രവർത്തന റിപ്പോർട്ട് അതാതു മാസം പ്രത്യേകം തയ്യാറാക്കിയ ഫോറം നൽകി സ്വീകരിക്കുന്ന മുൻ പതിവ് ആവർത്തിക്കുവാൻ തീരുമാനിച്ചു.

ബിസിസി ഫെറോന കമ്മീഷൻ യോഗം 4-ാം തീയതി വെള്ളയമ്പലം ഇടവകഹാളിൽ കൂടി. ഫാ. ആന്റണി സിൽവസ്റ്റർ അദ്ധ്യക്ഷനായിരുന്നു. കുടുംബയൂണിറ്റുകളിൽ ശുശ്രൂഷാസമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. പ്രാർത്ഥന, ദൈവീക വചനവായന, ധ്യാനം, വചനവിചിന്തനം വചനാനുഭവത്തിലുള്ള പ്രവർത്തനങ്ങൾ എന്നിവ മാത്രമേ കൂടുതൽ ഫലം നൽകൂ എന്ന് ചർച്ച ക്രോഡീകരിച്ചു അച്ചൻ പങ്കുവച്ചു. തുടർന്ന് ആഗസ്ററുമാസം യൂണിറ്റുകളിൽ ഉപയോഗിക്കുവാൻ തയ്യാറാക്കിയ വചനജ്വാല പ്രകാരം യോഹ. 8:31-38 ദൈവീക വായന, വിചിന്തനം തുടർ പ്രവർത്തനം എന്നിവയിൽ എല്ലാരും പങ്കുചേർന്നു വചന അനുഭവം സ്വന്തമാക്കി. നിത്യസത്യമായ യേശുവിനെ അറിഞ്ഞുകൊണ്ടിരിക്കുകയും, ആ സത്യത്തിൽ നിലനിൽക്കുകയും സർവ്വ

പ്രവർത്തനങ്ങളുടെ ഒരു വിലയിരുത്തൽ യോഗം ബഹുമാനപ്പെട്ട ഫെറോനാവികാരി പങ്ക്രേഷ്യസ് അച്ചന്റെ അദ്ധ്യക്ഷതയിൽ സെന്റ് ആൻസ് ഫെറോന ദൈവാലയഹാളിൽ നടന്നു. വൈദിക കോർഡിനേറ്റർ, വിവിധ ശുശ്രൂഷകളുടെ ആനിമേറ്റേഴ്സ്, ഫെറോനാ ബിസിസി സെക്രട്ടറി-ശുശ്രൂഷാ ഫെറോന സെക്രട്ടറിമാർ, കൺവീനർമാർ എന്നിവർ പങ്കെടുത്തു. രൂപതാ നിരീക്ഷകരായി റവ.ഫാ.മൈക്കിൾ തോമസ്, ഫാ.ലെനിൻ ഫെർണാണ്ടസ് എന്നിവരുണ്ടായിരുന്നു. ബിസിസി ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ഭാരവാഹികൾ വിവരിച്ചു.

ആഗസ്റ്റ് 15-ന് പോങ്ങുംമൂട് സെന്റ് മേരീസ് ദേവാലയത്തിൽ മാതാവിന്റെ സ്വർഗ്ഗാരോപിത തിരുന്നാൾ ആഘോഷിച്ചു. ഒരുക്കങ്ങൾക്കു മുന്നോടിയായി ബിസിസിയിലെ 9 യൂണിറ്റുകൾ ഓരോ ദിവസം 'നവതിരുമണിക്കൂർ' പരിശുദ്ധ കുർബാനയുടെ ആരാധന നടത്തി. ആഗസ്റ്റ് 14-ന് തിരുന്നാൾ വിളംബര റാലി - 60 ബൈക്കുകൾ-ഇടവക ചുറ്റി നടത്തി. പെരുന്നാളിന് 80 പ്രസിദേന്തിമാരെ യുവജനങ്ങളും, കുട്ടികളുമടക്കം തെരഞ്ഞെടുത്തു. പുല്ലുകാട് അമലോത്ഭവമാതാ ദേവാലയത്തിൽ ആഗസ്റ്റ് 12-ന് ദിവ്യബലിയും തുടർന്ന് യൂണിറ്റംഗങ്ങൾ ഭവനങ്ങളിൽ വച്ചു പാകം ചെയ്തുകൊണ്ടുവന്ന വിഭവങ്ങൾ വിളമ്പിയുള്ള ഓണസദ്യയും ഉണ്ടായിരുന്നു. സൗഹൃദം കൂട്ടായ്മ നടത്തി. കലാകായിക പരിപാടികൾ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഒഴിവാക്കി.

ശ്രീകാര്യം സെന്റ്ക്രിസ്റ്റഫർ ദേവാലയാഗംങ്ങൾ പ്രളയ ദുരിതാശ്വാസത്തിനു മുൻകൈ എടുത്തു. റവ.തിയോഡേഷ്യസ് അച്ചൻ എല്ലാവരോടുമൊപ്പം പ്രവർത്തിച്ചു. പ്രളയ ബാധിതർക്കുള്ള അവശ്യ സാധനങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട കേന്ദ്രങ്ങളിലെത്തിച്ചു.

പേട്ട സെന്റ് ആൻസ് ഇടവകയിൽ പ്രളയ ദുരിതാശ്വസത്തി നായുള്ള സാധനങ്ങൾ എല്ലാ ബിസിസി യൂണിറ്റിൽ നിന്നും





ശേഖരിച്ച് പള്ളി ഹാളിലെത്തിച്ചു. യുവജനങ്ങൾ ഇതിനു നേതൃത്വം നൽകി.

മുട്ടടയിൽ ആഗസ്റ്റ് 17 മുതൽ 26 വരെയുള്ള തീയതികളിലും, കുശവർക്കൽ ആഗസ്റ്റ് 31 മുതൽ സെപ്തംബർ 2 വരെയും നടത്തി.

**ഫാ. സുരേഷ് പയസ്** — വൈദിക കോർഡിനേറ്റർ

**ആഗ്നസ് ബാബു** — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

കഴക്കൂട്ടം ഫെറോന ബി.സി.സി. കമ്മീഷൻ ജൂലായ് മാസ യോഗതീരുമാനമനുസരിച്ചു ബി.സി.സി. നേതൃനിരയിലുള്ളവർക്കും, റിസോഴ്സ് ടീം അംഗങ്ങൾക്കും, സിസ്റ്റർ ആനിമേറ്റർമാർക്കും വേണ്ടി ഒരു പരിശീലനക്ലാസ് 22-08-2018-ന് കഴക്കൂട്ടം സെന്റ് ജോസഫ് പാരിഷ് ഹാളിൽ സംഘടിപ്പിച്ചു. ബി.സി.സി.കളിൽ വചനവിചിന്തനം എങ്ങനെ കാര്യക്ഷമമാക്കാമെന്ന് റവ. ഡോ. ലോറൻസ് കുലാസും, ബി.സി.സി.കളുടെ പ്രായോഗികതയും, കാര്യക്ഷമതയും എങ്ങനെ വർദ്ധിപ്പിക്കാമെന്ന് റവ. ഡോ. മൈക്കിൾ തോമസും ക്ലാസുകൾ നയിച്ചു. ഫെറോന വികാരി മോൺ. ജോർജ്ജ് പോൾ, ഫെറോന ബി.സി.സി. വൈദിക കോർഡിനേറ്റർ റവ. ഫാ. തോമസ് നെറ്റോ, ഫെറോന ആനിമേറ്റർ ഫ്രഡറിക് റ്റി. പെരേര എന്നിവർ പ്രസംഗിച്ചു. എല്ലാ ഇടവകകളിൽ നിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു.

**ഇടവകതലം**

**ഫാത്തിമ മാതാ കഴക്കൂട്ടം**: എല്ലാ യൂണിറ്റ് യോഗങ്ങളും നടന്നു. ആഗസ്റ്റ് 5-ാം തീയതി ശുശ്രൂഷാ സമിതികളുടെ വെവ്വേറെ യോഗങ്ങളും തുടർന്ന് ഇടവകവികാരിയുടെ അദ്ധ്യക്ഷതയിൽ ജനറൽ ബോഡിയോഗവും നടന്നു. ഇടവക ദേവാലയ രജത ജൂബിലി ഒക്ടോബറിൽ ആഘോഷിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടന്നു.

കൗൺസിലിന്റേയും ധനകാര്യ സമിതിയുടെയും സംയുക്ത യോഗം കൂടി ഹോം മിഷൻ പ്രവർത്തനങ്ങളെ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. സെപ്റ്റംബർ 26-ാം തീയതി ഞായറാഴ്ച രാവിലെ അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലി മധ്യേ ടീം അംഗങ്ങളുടെ കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ശുശ്രൂഷാടിസ്ഥാനത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു.

മുട്ടട ഇടവകയുടെ സബ്സ്റ്റേഷനുകളായ കുശവർക്കലിൽ ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 2 വരെയും, കുന്നിൻപുറത്ത് സെപ്റ്റംബർ 6 മുതൽ 9 വരെ തീയതികളിലും ഹോം മിഷൻ നടത്താൻ തീരുമാനിച്ചു.

**3. മരിയ സൈന്യം അംഗങ്ങൾക്ക് പഠനക്കളരി**

അതിരൂപത അല്മായ ശുശ്രൂഷാ സമിതിയും അതിരൂപതാ ബി.സി.സി. കമ്മിഷനും സംയുക്തമായി മരിയ സൈനികർക്ക് സെമിനാർ നടത്തി. ആഗസ്റ്റ് 18-ാം തീയതി ഉച്ചക്ക് 1 മണി മുതൽ 4.30 വരെ പുതിയതുറ പാരിഷ് ഹാളിൽ വച്ചും, സെപ്റ്റംബർ 19-ാം തീയതി ഞായറാഴ്ച വലിയതുറ ദൈവാലയത്തിൽ വച്ചും, 25-ാം തീയതി ഇരവിപുത്തൻതുറൈ പാരിഷ് ഹാളിൽ വച്ചും പഠനക്കളരികൾ നടത്തി. പ്രസ്തുത സെമിനാറിൽ അതിരൂപതാ അല്മായ ശുശ്രൂഷയുടെ ഡയറക്ടർ ഫാ. ടോണി ഹാംലെറ്റ് മരിയ സൈനികരുടെ ആദ്ധ്യാത്മികതയെക്കുറിച്ചും, മരിയ സൈനികർ അതിരൂപതാ അജപാലന ദർശനം ഉൾക്കൊണ്ടുകൊണ്ട് ഇടവകയിലെ ശുശ്രൂഷാ സമിതികളുമായി യോജിച്ച്, പ്രത്യേകിച്ച് ബി.സി.സി. യൂണിറ്റുകളിൽ എങ്ങനെ സജീവമായി പ്രവർത്തിക്കാമെന്ന് അതിരൂപതാ ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. മൈക്കൾ തോമസും ജോയിന്റ് എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. സുരേഷ് പയസും ക്ലാസുകൾ നൽകി. കൂരിയാ ഭാരവാഹികൾ സെമിനാറുകൾക്കു വേണ്ട ക്രമീകരണങ്ങൾ നടത്തി.





**4. മരിയ സൈന്യം അംഗങ്ങൾക്ക് പഠനക്കളരി**

പുല്ലുവിള ഫെറോനയുടെ ബി.സി.സി. സംഗമം 2018 ആഗസ്റ്റ് 11-ാം തീയതി ശനിയാഴ്ച ഉച്ചക്ക് 2 മണി മുതൽ 5 മണി വരെ കരുംകുളം സൗഹൃദം ആഡിറ്റോറിയത്തിൽ വച്ചു നടത്തുകയുണ്ടായി. ഫെറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള ബി.സി.സി. ഭാരവാഹികളുടെയും റിസോഴ്സ് ടീം അംഗങ്ങളുടെയും സാന്നിദ്ധ്യമുണ്ടായിരുന്നു. കരുംകുളം ഇടവക വികാരി ഫാ. ശാന്തപ്പന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഫെറോന സംഗമത്തിൽ അതിരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ ഫാ. മൈക്കൾ തോമസ് സംഗമം ഉദ്ഘാടനം ചെയ്തു കൊണ്ട് ഭാരവാഹികൾ യൂണിറ്റു പ്രവർത്തനങ്ങളിൽ കൂടുതൽ താല്പര്യം കാണിക്കണമെന്നും വചനാനുഭവത്തിന് വേണ്ടത്ര പ്രാധാന്യം നൽകണമെന്നും ഉദ്ബോധിപ്പിച്ചു. ഫെറോനാ കോർഡിനേറ്റർ ഫാ. നിജു അജിത്ത് സ്വാഗതവും ഫെറോന ബി.സി.സി. കമ്മിഷൻ സെക്രട്ടറിയും പരുത്തിയൂർ കോർഡിനേറ്ററുമായ ശ്രീ. ജോയി കൃതജ്ഞതയും രേഖപ്പെടുത്തി. പൂവ്വാർ, കരുംകുളം, പുതിയതുറ എന്നീ ഇടവകയിൽ നിന്നുള്ള ബി.സി.സി. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഫെറോന ആനിമേറ്റർ സിസ്റ്റർ മേരിക്കുട്ടിയുടെ നേതൃത്വത്തിലുള്ള ഫെറോനാ ബി.സി.സി. കമ്മിഷൻ ഭാരവാഹികൾ സംഗമത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു.

## പേട്ട ഫെറോന

ഫെറോനാശുശ്രൂഷകളുടെ സംയുക്ത വിലയിരുത്തൽ യോഗം: ആഗസ്റ്റ് 4-ന് പേട്ട ഫെറോന ബിസിസി

# ബിസിസി

## അതിരൂപതാതലം

**1. കണ്ണാന്തുറ ഹോം മിഷൻ**

ജൂലൈ 24 മുതൽ ആഗസ്റ്റ് 12 വരെ തീയതികളിൽ കണ്ണാന്തുറ സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ ഹോം മിഷൻ നടത്തി. ആഗസ്റ്റ് 24 വൈകുന്നേരം 5 മണിക്ക് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലി മധ്യേ ഹോം മിഷന് ഔപചാരികമായ തുടക്കം കുറിച്ചു.

മൂന്നാഴ്ച നീണ്ടുനിന്ന ഹോം മിഷന്റെ ഭാഗമായി ജൂലൈ 29-ാം തീയതി ഉച്ചക്ക് 3 മണി മുതൽ 5 മണി വരെ അല്മായ ശുശ്രൂഷാ സമിതിയെയും, സാമൂഹ്യ ശുശ്രൂഷാ സമിതിയെയും, ആഗസ്റ്റ് 4-ാം തീയതി ഉച്ചക്ക് 3 മണി മുതൽ 5 മണി വരെ ഇടവക അജപാലന സമിതി, വിദ്യാഭ്യാസ ശുശ്രൂഷാ സമിതി, മതബോധന അദ്ധ്യാപകർ, ഇടവകയിൽ നിന്നും പഠിപ്പിക്കുന്ന അദ്ധ്യാപകർ എന്നിവരെയും, ആഗസ്റ്റ് 10-ാം തീയതി ഉച്ചക്ക് 3 മണി മുതൽ 5 മണി വരെ കുടുംബപ്രേഷിത ശുശ്രൂഷാ സമിതിയേയും ബി.സി.സി. ഭാരവാഹികളേയും ഹോം മിഷൻ കൺവീനറും അതിരൂപതാ ശുശ്രൂഷാ സമിതികളുടെ കോർഡിനേറ്ററുമായ ഫാ. മൈക്കൾ തോമസ് കാണുകയുണ്ടായി. പ്രസ്തുത കൂടിവരവിൽ ഓരോ സമിതിയുടെയും നിലവിലെ അവസ്ഥയെയും ഇടവകയുടെ സമഗ്രമായ വളർച്ചയ്ക്ക് ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെയുംകുറിച്ച് ചർച്ച ചെയ്തു. ഇടവക വികാരി ഫാ. ലാസർ ബെനഡിക്ടിന്റെ നേതൃത്വത്തിൽ ശുശ്രൂഷാ സമിതി കൺവീനർമാർ വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ഹോം മിഷനോടനുബന്ധിച്ച് 11-ാം തീയതി ശനിയാഴ്ച ഉച്ചക്ക് 3 മണി മുതൽ 5 മണി വരെ ഇടവകയിലെ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും വെവ്വേറെ സെമിനാറുകൾ നടത്തി. കുട്ടികളുടെ സെമിനാറിന് ഹോം മിഷൻ ടീമിലെ സിസ്റ്റേഴ്സും യുവജനങ്ങളുടെ സെമിനാറിന് അതിരൂപതാ യുവജനശുശ്രൂഷാ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സന്തോഷ് കുമാറും നേതൃത്വം നൽകി. സമാപന ദിവസമായ ആഗസ്റ്റ് 12-ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് ഇടവക കൗൺസിൽ യോഗം നടത്തി. വൈകുന്നേരം 5 മണിക്ക് അതിരൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ സമാപന ദിവ്യബലി നടത്തി. ഹോം മിഷൻ ടീം അംഗങ്ങൾ ഭവനസന്ദർശനത്തിലൂടെ മനസിലാക്കിയ കണ്ടെത്തലുകൾ ഉൾക്കൊള്ളുന്ന സംക്ഷിപ്ത റിപ്പോർട്ട് ദിവ്യബലി മധ്യേ അവതരിപ്പിച്ചു.





**2. മുട്ടട ഹോം മിഷൻ**

ആഗസ്റ്റ് മാസം 17 മുതൽ 26 വരെയുള്ള തീയതികളിൽ അതിരൂപതാ ടീമിന്റെ നേതൃത്വത്തിൽ മുട്ടട വിശുദ്ധ കുരിശിന്റെ ദൈവാലയത്തിൽ ഹോം മിഷൻ നടത്തി. ആഗസ്റ്റ് 17-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 5.30 ന് മോൺ. ജെയിംസ് കുലാസിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച സമൂഹദിവ്യബലി മധ്യേ കത്തിച്ച മെഴുകുതിരി ഇടവക വികാരിക്കും സമർപ്പിതർക്കും നൽകി കൊണ്ട് ഹോം മിഷന് തുടക്കം കുറിച്ചു. ഹോം മിഷന്റെ ഭാഗമായി ആഗസ്റ്റ് 25-ാം തീയതി ശനിയാഴ്ച ഉച്ചക്ക് 3 മണി മുതൽ 5 മണി വരെ ഇടവകയിലെ കുട്ടികൾക്ക് ടീമിലെ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലും യുവജനങ്ങൾക്ക് അതിരൂപതാ കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ. ജോണിയുടെ നേതൃത്വത്തിലും സെമിനാറുകൾ നടത്തി. അന്നേ ദിവസം വൈകുന്നേരം 7 മണിക്ക് അതിരൂപതാ കോർഡിനേറ്റർ ഫാ. മൈക്കൾ തോമസിന്റെ സാന്നിദ്ധ്യത്തിൽ ഇടവക

## RETREAT FOR ARCHDIOCESESAN PRIESTS

The annual retreat for the diocesan priests will be held from 23rd September 2018 at 06.30 pm till 28th September 2018 noon, directed by Rev. Fr. Vincent Varieth Archbishop requests the people of God to pray for the success of the retreat.

## HELP OF THE RELIGIOUS PRIESTS DURING ANNUAL RETREAT 2018

The following Religious Houses are asked to help the faithful to meet their urgent spiritual needs.

1. Angengo Forane : Rev. Fr. Superior OSJ, Vennicode
2. Kazhakuttom Forane : Rev. Fr. Superior, OCD, Carmel Ashram, Chittattumukka
   Rev. Fr. Superior, Loyola, Sreekaryam
3. Kovalam Forane : Rev. Fr. Superior, IVDei, Kovalam
4. Palayam Forane : Rev. Fr. Superior, OCD,Carmel Hill Monastery,Trivandrum
5. Pettah Forane : Rev. Fr. Superior, SJ, Loyola Institutions, Sreekariyam
6. Pulluvila Forane : Rev. Fr. Superior, OCD, Bethsaida, Pulimkudy
7. Pudukurichy Forane : Rev. Fr. Superior, SJ, St. Xavier's Jesuit House, Thumba
   Rev. Fr. Superior, OCD, Carmel Ashram, Chittattumukku
8. Thoothoor Forane : Rev. Fr. Superior, OdeM, Eraviputhenthurai
   Rev. Fr. Superior, CMF, Eraimanthurai
9. Valiathura Forane : Rev. Fr. Superior, OFM,Villa Padua, Valiathura

**ARCHDIOCESAN DAY CELEBRATIONS –** This is the 81st year our diocese and we celebrate our Archdiocesan day on 1st October 2018 at parish level with special liturагy, meetings and different programes oraganised by the parish.

**Rev. Dr. Edison Yohannan M.**
Chancellor





## Metropolitan Tribunal News
## August - 2018

| | | |
|---|---|---|
| Number of Cases at the beginning of 2018 August | - | 231 |
| Received Cases in the Month of August | - | 004 |
| Total | = | 235 |

Decreed Cases - 13

Balance Cases = 235-13 = 222

### Decreed Cases –13

1. Case No: MTLAT/36/2011 between Shaji R and Mercy Gama
2. Case No: MTLAT/100/2016 between Divya Christopher and Thomas Philip
3. Case No: MTLAT/76/2016 between Sheeja and Anil Kumar
4. Case No: MTLAT/75/2016 between Seena Johnson and Suresh
5. Case No: MTLAT/91/2016 between Lerin Zacharia and Johnson Gomez
6. Case No: MTLAT/51/2016 & 29/2017 between Mary Bincy and Francis Tuno
7. Case No: MTLAT/57/2016 between Godwin Antony and Divya Thomas
8. Case No: MTLAT/57/2014 between Romance and Vinitha
9. Case No: MTLAT/52/2016 between Dianacia (Shiny) and Stephen George
10. Case No: MTLAT/64 A/2016 between Paul Antony Adima and Rosy Irani
11. Case No: MTLAT/69/2016 between Nima T.L. and Praveen Prabhakar
12. Case No: MTLAT/60/2016 between Johnson Gomez and Mary Merlin

**Fr. Jose G.**
Judicial Vicar

## SEPTEMBER 2018

### BIRTHDAYS

| | |
|---|---|
| 1. Rev. Fr. Ashline Jose | 03.09.1979 |
| 2. Rev. Fr. William Cyril | 07.09.1966 |
| 3. Rev. Fr. Cosmos K.Thoppil | 08.09.1977 |
| 4. Rev. Fr. Stephen M.T. | 08.09.1963 |
| 5. Rev. Fr. John Bosco Manuel | 14.09.1979 |
| 6. Rev. Fr. Rex Morais | 15.09.1971 |
| 7. Rev. Fr. Sabbas Ignatius | 16.09.1974 |
| 8. Rev. Fr. Sanu Ouseph | 16.09.1977 |
| 9. Very Rev. Msgr. George Paul | 17.09.1947 |
| 10. Rev. Fr.Santhosh Kumar Paniyadima | 17.09.1980 |
| 11. Rev. Fr. Jerome G. Fernandez | 18.09.1966 |
| 12. Rev. Fr. Vincent Valiyaparambil OSJ | 18.09.1973 |
| 13. Rev. Fr. Anto Dickson | 20.09.1972 |
| 14. Rev. Fr. Mathias O. | 21.09.1975 |
| 15. Rev. Fr. Justin Judin | 26.09.1971 |

### ORDINATION DAYS

| | |
|---|---|
| 1. Rev. Fr. Maria Mentil Joseph O.de.M. | 11.09.2012 |
| 2. Fr. Biju Joy SJ | 15.09.1978 |
| 3. Very Rev. Msgr. George Paul | 21.09.1973 |

### DECEASED PRIESTS

| | |
|---|---|
| 1. Rev. Fr. Benedict L. Jose | 02.09.1989 |
| 2. Rev. Fr. Benjamin Gomez | 02.09.1989 |
| 3. Rev. Fr. K. J. John | 07.09.2003 |
| 4. Rev. Fr. Charles Fonseca | 07.09.1949 |
| 5. Rev. Fr. Thomas B. Pereira | 08.09.1986 |
| 6. Rev. Fr. Paul Kurisinkal | 12.09.1997 |
| 7. Rev. Fr. Lawrence Paul | 14.09.1995 |





| | |
|---|---|
| 8. Rev. Fr. Wenceslaus Koilparampil | 15.09.1996 |
| 9. Rev. Fr. Ambrose L. | 23.09.1995 |
| 10. Rev. Fr. Raymond Joy C. | 30.09.1997 |

### PERPETUAL DAY ADORATION

| | |
|---|---|
| 1. St. Anne's Church, Thope | 07.09.2018 |
| 2. Our Lady of Mount Carmel Church, Vennicode | 12.09.2018 |
| 3. Assumption Church, Cheriathura | 15.09.2018 |

### APPOINTMENTS & RELIEVING ORDERS

Rev. Fr. Tony Hamlet A.- appointed as Director Laity Ministry, Archdiocese of Trivandrum with effect from 1st August 2018

Rev. Fr. John Dall .- appointed as The Executive Secretary of the commissions for migrants and labours under social action ministry with effect from 1st August 2018.

Rev. Fr. Justin Alex - appointed as Administrator, Anugraha Bhavan, Archdiocesan Retreat Centre,Menamkulam, with effect from 1st September 2018

Rev. Fr. Cineesh RCJ - appointed as Director, Anugraha Bhavan, Archdiocesan Retreat Centre,Menamkulam, with effect from 1st September 2018

Rev. Fr. Abilash RCJ - appointed as Assistant Director and Accountant, Anugraha Bhavan, Archdiocesan Retreat Centre,Menamkulam, with effect from 1st September 2018

Rev. Fr. Wingston V - appointed as Notary, Archdiocesan Tribunal, with effect from 1st September 2018

Rev. Sr. Faustina , Superior (OSSS), Bridgetine Convent,Vellayambalam,- appointed as Notary, Archdiocesan Tribunal, with effect from 1st September 2018

Shri.Archangelo - relieved from the Director Laity Ministry, Archdiocese of Trivandrum with effect from 31st July 2018.

## ARCHBISHOP'S DIARY, SEPTEMBER 2018

| | | | |
|---|---|---|---|
| 01 | SAT | 11.00 am | Meeting with All Pious Associations, JMAC Vellayambalam |
| | | 03.00 pm | I.G.P at Thoothoor Forane Centre |
| 02 | SUN | 07.00 am | PASTORAL VISIT, MUDAVAN MUGAL |
| ***05*** | ***WED*** | ***03.30 pm*** | ***PRIESTLY ORDINATION,*** St. Joseph's Cathedral, Palayam |
| 08 | SAT | 11.00 am | Final Profession, Hospitalars Sisters, Kazhakuttom |
| | | 05.00 pm | Church Blessing, Nambiathiri |
| 09 | SUN | 07.00 am | PASTORAL VISIT, PUTHIYATHURA |
| ***11*** | ***TUE*** | ***09.00 am*** | ***PRESBYTERIUM*** |
| 14 | FRI | 11.00 am | Feast Day Eucharistic Celebration, Holy Cross Convent, Muttada |
| 15 | SAT | 11.30 am | Marriage Blessing, Pangode |
| 16 | SUN | 08.30 am | Confirmation, South Kollemkode |
| | | 06.00 pm | Feast Day Eucharistic Celebration, Adimalathura |
| 23 | SUN | 09.00 am | Church Blessing, Varkala |
| | | ***EVENING to*** | ***28 FRI ANNUAL RETREAT, JMAC Vellayambalam*** |
| 30 | SUN | 04.30 pm | 125th Anniversary of Murukampuzha Church |

**Fr. Shynish Bosco**
Secretary to Archbishop



സമന്വയ

## AUXILIARY BISHOP'S DIARY, SEPTEMBER 2018

| | | | |
|---|---|---|---|
| 02 | SUN | 05.00 pm | Home Mission Conclusion, Kushavarakkal |
| ***05*** | ***WED*** | ***03.30 pm*** | ***PRIESTLY ORDINATION***, St. Joseph's Cathedral, Palayam |
| 08 | SAT | 09.00 am | Velankanni Shrine Feast, Thooyam, Kollam |
| 09 | SUN | 07.30 am | Home Mission Conclusion, Kunninpuram |
| | | 06.00 pm | Feast Day Eucharistic Celebration, Nambiathiri |
| ***11*** | ***TUE*** | ***09.00 am*** | ***PRESBYTERIUM*** |
| 14 | FRI | | Mission Cross Conclusion, Kurishumalai, Neyyatinkara |
| 15 | SAT | 06.30 pm | Feast Day Eucharistic Celebration, Marthandanthurai |
| 16 | SUN | 10.00 am | Feast Day Eucharistic Celebration, Muttada |
| 23 | SUN | ***EVENING to*** | ***28 FRI ANNUAL RETREAT, JMAC Vellayambalam*** |
| 29 | SAT | | Final Profession, Bangalore |
| 30 | SUN | 07.00 am | Feast Day Eucharistic Celebration, Manvila |

**Fr. Shynish Bosco**
Secretary to Archbishop

എഡിറ്റോറിയൽ

# പ്രളയം നല്കുന്ന പാഠങ്ങൾ

കേരളം നാളിതുവരെ കണ്ടിട്ടില്ലാത്ത ഭീകരാവസ്ഥ സൃഷ്ടിച്ചു താണ്ഢവമാടിയ മഹാപ്രളയം 245ഓളം പേർക്ക് ജീവഹാനിയും വിവരണാധീതമായ നിരവധി കഷ്ടപ്പാടുകളും ഏകദേശം 20,000 കോടിയുടെ നാശനഷ്ടങ്ങളും വിതച്ച് കേരളത്തിന്റെ 14 ജില്ലകളെയും തകർത്തെറിഞ്ഞു. സർവ്വതും നഷ്ടപ്പെട്ട ഏകദേശം 11 ലക്ഷത്തോളം പേർ ദുരിതാശ്വാസ കേന്ദ്രങ്ങളിലായി. പ്രളയ ഭീതിയിൽ വീടൊഴിഞ്ഞ് ബന്ധുവീടുകളിൽ അഭയംതേടിയവരുടെ എണ്ണം പതിനായിരങ്ങൾ കവിയും!

അസാധാരണമായി പെയ്ത പേമാരിയിൽ ഒലിച്ചുപോയത് പ്രകൃതിയുടെ സ്വാഭാവികമായ ആവാസ വ്യവസ്ഥിതിയെ തകിടംമറിച്ചുകൊണ്ടും, നെൽപ്പാടങ്ങൾ, നികത്തിയും പാറവെട്ടിയും മറ്റ് അനധികൃത മാർഗ്ഗങ്ങളിലൂടെയും നടത്തിയ നിർമിതികളും ഒപ്പം സാധാരണക്കാരന്റെ നീണ്ടനാളത്തെ സ്വപ്നമായ ഭവനങ്ങൾ, പാവപ്പെട്ടവന്റെ കുടിലുകൾ, പൊതുജനത്തിന്റെ ആശ്രയമായ റോഡുകൾ, പാലങ്ങൾ, കൃഷിയിടങ്ങൾ ഒക്കെയാണ്. പ്രകൃതിയുടെ സ്വാഭാവിക ആവാസ വ്യവസ്ഥിതി ശല്യപ്പെടുത്തിയുള്ള ഒരു നിർമ്മാണവും ശാശ്വതമല്ലെന്ന പാഠം ഇനിയെങ്കിലും നാം ഉൾക്കൊള്ളണം.

പ്രളയത്തിന്റെ ഭീകരമുഖത്തേയ്ക്ക് ജീവനോപാധിയായ യാനങ്ങളുടെ സുരക്ഷപോലും നോക്കാതെ, തൊഴിൽ നിർത്തിവെച്ച്, ജീവൻപോലും പണയപ്പെടുത്തി, യാതൊരു ലാഭേച്ഛയുമില്ലാതെ മനുഷ്യത്വത്തിന്റെ മുഖവും രക്ഷയുടെ പുതിയ പാഠങ്ങളുമായി അതിസാഹസികമായി ഇറങ്ങിച്ചെന്ന് നൂറുകണക്കിനു പേരെ ജീവനിലേയ്ക്ക് പിടിച്ചുകയറ്റിയ കടലിന്റെ മക്കളെക്കുറിച്ച് മാലോകർ മുഴുവൻ അഭിമാനംകൊണ്ട അവസരമായിരുന്നു പ്രളയദിനങ്ങൾ! 'കേരളത്തിന്റെ സ്വന്തം സൈനികരായി' ലോകമെമ്പാടുമുള്ള മുഴുവൻ മലയാളികളുടെയും പേരിൽ മുഖ്യമന്ത്രിയുടെ ബിഗ് സല്യൂട്ട് നേടിയ അഭിമാന നിമിഷങ്ങൾ! മത്സ്യത്തൊഴിലാളികൾക്ക് പുതിയ മേൽവിലാസം നേടികൊടുത്ത രക്ഷാപ്രവർത്തനങ്ങൾ! അവസരമായി മാറി മഹാപ്രളയം. രക്ഷാപ്രവർത്തനങ്ങളിൽ വീരപുരുഷന്മാരായി തിളങ്ങിയ കടലിന്റെ മക്കൾ ഇതിലൂടെ പഠിച്ച ഒരു പാഠമുണ്ട് - സമൂഹത്തിൽ, ജീവിതത്തിന്റെ എല്ലാ മേഖലകളിലും തങ്ങളിന്ന് ആയിരിക്കുന്ന പിന്നോക്കാവസ്ഥയെ മറികടക്കാനുള്ള ആർജ്ജവം തങ്ങളിലുമുണ്ട് എന്ന പാഠം!

മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന അംഗീകാരം വാക്കുകളിൽ മാത്രം ഒതുക്കിക്കളയുകയോ ആദരവുകൊണ്ട് അവരനുഭവിക്കുന്ന ജീവിത പ്രശ്നങ്ങളെ മറച്ചുകളയുകയോ, വീണ്ടും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും





അകറ്റി ഓരങ്ങളിലേക്ക് അവരെ തള്ളിവിടുകയോ അരുത്; ഇവർക്കു വേണ്ടത് പാരിതോഷികമല്ല, മൽസ്യത്തൊഴിലാളികൾ അതിജീവനത്തിനുവേണ്ടി നടത്തേണ്ടി വരുന്ന സമരങ്ങൾക്ക് ക്രിയാത്മക പരിഹാരം കാണുന്നതിലൂടെ അവുടെ ജീവിതങ്ങൾ തെരുവിൽ എറിയപ്പെടാതിരിക്കാനുള്ള സാഹചര്യം ഉണ്ടാക്കാൻ ബാധ്യതയുണ്ട് എന്ന പാഠം ഭരണകർത്താക്കളും ഉൾക്കൊള്ളണം.

സർക്കാർ സംവിധാനങ്ങളും, ഇന്ത്യൻ സൈനികരും സന്നദ്ധ സംഘടനകളും വിവിധ സ്ഥാപനങ്ങളും ജനം മുഴുവനും ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ പ്രളയപ്രദേശങ്ങളിൽ അർപ്പണ മനോഭാവത്തോടെ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. തകർന്ന കേരളത്തിന്റെ പുനഃർനിർമ്മാണം ഞങ്ങൾക്ക് സാധ്യമാണ് എന്ന ചങ്കൂറ്റത്തോടെ, അർപ്പണ മനോഭാവത്തിൽ ക്യാമ്പുകളിലേയ്ക്കും പ്രളയ ബാധിത മേഖലകളിലേയ്ക്കും അവശ്യസാധനങ്ങൾ, സമ്പത്ത്, സമയം, എല്ലാം സമാഹരിക്കാനും എത്തിക്കാനും ആവശ്യാനുസരണം വിതരണം ചെയ്യാനും, ആയിരക്കണക്കിനാളുകളാണ് ഒഴുകിയെത്തുന്നത്. ഇവർക്കൊപ്പം, പ്രളയക്കെടുതി നേരിടാൻ വൻതോതിൽ ക്രിയാത്മകമായി സംഘടിക്കപ്പെടുന്ന യുവജനശക്തി അത്ഭുതകരമായ കാഴ്ച ലോകത്തിനു നല്കുന്നത് കേരളീയരിൽ സമൃദ്ധമായിട്ടുള്ള മനുഷ്യ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സഹകരണത്തിന്റെയും നല്ല പാഠങ്ങളാണ്. ലോകം ഒന്നാകെ അഭിമാനംപൂർവ്വമാണ് ഇന്ന് കേരളജനതയെ നോക്കികാണുന്നത്.

തിരുവോണനാളുകളിൽ, ദുരിതാശ്വാസ ക്യാമ്പുകളിൽ വിളമ്പാൻ വിഭവങ്ങൾ കുറവായിരുന്നെങ്കിലും ലഭ്യമായവ ഉള്ളവനും ഇല്ലാത്തവനും ജാതി, മത, വർണ്ണ, വർഗ്ഗ വ്യത്യാസങ്ങൾക്കതീതമായി ഒരുമിച്ചിരുന്നു ഭക്ഷിച്ച് ഓണക്കളികളിൽ ഏർപ്പെട്ട ഹൃദ്യമായ ദൃശ്യങ്ങൾ...! തിരുവോണത്തിന്റെ ഐക്യ-സമത്വ സന്ദേശം ദുരന്തക്കെടുതിക്കു നടുവിലും അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായി.

ഒരു നിമിഷംമതി എല്ലാം നഷ്ടപ്പെടാൻ, നികൃഷ്ഠനെന്നു കരുതി അവഗണിച്ചവന്റെ നേരെപോലും ജീവരക്ഷയ്ക്കായി കൈനീട്ടേണ്ടിവരും, വിശപ്പടക്കാനും തലചായ്ക്കാൻ ഇടത്തിനുവേണ്ടിപ്പോലും യാചിക്കേണ്ടിവരും, എന്നിങ്ങനെ പ്രളയദിനങ്ങളിൽ കണ്ടുമുട്ടിയ യാഥാർത്ഥ്യങ്ങൾ ആയിരങ്ങൾക്ക്, ജീവിതത്തിന്റെ ആത്മീയത തിരിച്ചറിഞ്ഞ് നല്ല ജീവിതക്രമീകരണങ്ങളിലേയ്ക്ക് തിരിയാനും മാനസാന്തരത്തിന്റേതുമായ ഒത്തിരി നല്ല അനുഭവങ്ങൾ നേടാൻ പാഠങ്ങളായിട്ടുണ്ട്.

പാഠങ്ങളുൾക്കൊണ്ട് നമുക്കൊരുമിക്കാം നാടിന്റെ പുനഃർനിർമ്മാണ ത്തിനായി !

**ഫാ. മൈക്കിൾ തോമസ്**
എഡിറ്റർ.

# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

### തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 23 സെപ്തംബർ 2018 ലക്കം 9

***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***പത്രാധിപർ***

റവ.ഡോ.മൈക്കിൾ തോമസ്

***സഹപത്രാധിപർ***

ശ്രീ. പീറ്റർ കട്ടികാട്ട്

***പത്രാധിപ സമിതി***

റവ. ഡോ. എഡിസണ്‍ വൈ.എം

റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്

റവ. ഡോ. ഡൈസണ്‍ എം.

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഫാ. എ.ആർ ജോണ്‍

റവ. ഫാ. ലെനിൻ രാജ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

റവ. ഫാ. ടോണി ഹാംലെറ്റ്

***കവർ & ലേ-ഔട്ട്***

ജീവജ്യോതി ഓഫ്സെറ്റ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോണ്‍ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- പ്രളയം നൽകുന്ന പാഠങ്ങൾ (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്സ് ഡയറി - സെപ്തംബർ
- ബിഷപ്സ് ഡയറി - സെപ്തംബർ
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- അല്മായ ശുശ്രൂഷ